# ജനറൽ ഫ ് അക്കൗ ്സ്
# 2011-2012

നമ്പർ.എൽ.എഫ്.സിൽ/എ5/353/13 തീയതി: 25.09.13

## കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ ഫ ് അക്കൗ ്സ് 2011-12 നെ അധികരിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1996 ലെ ലോക്കൽഫ ് ഓഡിറ്റ് ചട്ടങ്ങൾ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥൻ : **ജി. സുജാതൻ**
ഡെപ്യൂട്ടി ഡയറക്ടർ
സിൽ & എസ്.ഐ.ഇ.പി ഓഡിറ്റ്

ഓഡിറ്റ് നടത്തിയ തീയതി – 2012 ഒക്ടോബർ 1 മുതൽ 2013 മാർച്ച് 31 വരെ

**ഓഡിറ്റ് നിർവഹണം**

ശ്രീ. എം. സി. രാജിലൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സാബു. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനി മാധവൻ. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രകാശ്. എസ്, ഓഡിറ്റർ

LOCAL FUND AUDIT DEPARTMENT

## ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ

| | | |
|---|---|---|
| ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ | പ്രൊ.കെ.പാപ്പൂട്ടി | 01.04.2011 മുതൽ 31.05.2011 വരെ |
| | ആർക്കും ചാർജ് നൽകിയിരുന്നില്ല | 01.06.2011 മുതൽ 14.06.2011 വരെ |
| | ഡോ.എം.ആർ.തമ്പാൻ | 15.06.2011 മുതൽ 03.08.2011 വരെ |
| | പ്രൊ.തുമ്പമൺ തോമസ് | 04.08.11 മുതൽ 31.03.2012 വരെ |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ആർക്കും ചാർജ് നൽകിയിരുന്നില്ല | 01.04.2011 മുതൽ 12.05.2011 വരെ |
| | ശ്രീമതി.പി.പി.സജിത | 13.05.2011 മുതൽ 07.06.2011 വരെ |
| | ശ്രീ.എം.എസ്.ചന്ദ്രൻ | 08.06.2011 മുതൽ 30.10.2011 വരെ |
| | ശ്രീ.എൻ.സുനിൽ കുമാർ | 31.10.2011 മുതൽ 31.03.2012 വരെ |
| ഫൈനാൻസ് ഓഫീസർ | ശ്രീ.ജേക്കബ് കോശി | 01.04.2011 മുതൽ 30.06.2011 വരെ |
| | ശ്രീ.പി.എസ്.മോഹനൻ | 01.07.2011 മുതൽ 31.03.2012 വരെ |

LOCAL FUND AUDIT DEPARTMENT

# ഉള്ളടക്കം

## ഭാഗം-1
## വിലയിരുത്തലുകൾ

1. ആമുഖം
2. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ
3. ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ തുടർ നടപടി ത്വരിതപ്പെടുത്തണം
4. ഓഡിറ്റ് വ്യാപ്തി
5. ഭരണസമിതി
6. ബജറ്റ്
7. ഗ്രാന്റ് വിഹിതം
8. വാർഷിക ബാലൻസ്ഷീറ്റ് - മറ്റു റിട്ടേണുകൾ
9. വാർഷിക കണക്ക്
10. പൊതു അവലോകനം
11. ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം-2
## നിരീക്ഷണങ്ങൾ

12. സാമ്പത്തിക നില
13. പി.എഫ്. അക്കൗണ്ട്സ്
14. ജി.പി.എഫ് ചട്ടങ്ങൾ കാലികമാക്കണം
15. ടെണ്ടർ നടപടികളിലെ അപാകങ്ങൾ - പരിഹരിക്കാൻ നടപടി ഉണ്ടാകണം
16. സർവവിജ്ഞാനകോശ വാല്യങ്ങളുടെ മുദ്രണം - തുടരന്വേഷണം അനിവാര്യം
17. സ്റ്റോക്കുരജിസ്റ്ററുകളിലെ അവ്യക്തത

LOCAL FUND AUDIT DEPARTMENT

18. റിവോൾവിങ് ഫണ്ടിൽ നിന്നുള്ള വായ്പ തുടർക്കഥ

19. സെയിൽസ് ഓഫീസർ തസ്തികയുടെ ശമ്പളം ക്രമപ്പെടുത്തണം

20. സമയബന്ധിത ഹയർ ഗ്രേഡ് ക്രമരഹിതമായി നൽകി

21. സേവന പുസ്തകങ്ങളിലെ അപാകങ്ങൾ പരിഹരിക്കപ്പെടുന്നില്ല

22. സ്പെഷ്യൽ പർപ്പസ് ഗ്രാന്റുകൾ ഉപയുക്തമാക്കിയിട്ടില്ല

23. നോളജ് വെബ് റിപോസിറ്ററി പ്രോഗ്രാം

24. കേരള വിജ്ഞാനകോശം പാതിവഴിയിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു

25. പദ്ധതി, പദ്ധതിയേതര ചെലവുകൾ കൂട്ടിക്കുഴയ്ക്കരുത്

26. ഓരോ പ്രസിദ്ധീകരണത്തിനും ചെലവു രജിസ്റ്റർ സൂക്ഷിക്കണം

27. ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത രജിസ്റ്ററുകൾ

**ഭാഗം-3**
**തടസ്സപ്പെടുത്തലുകൾ**

28. ഗ്രാന്റ് വിനിയോഗം - ചട്ടങ്ങൾ ലംഘിക്കപ്പെടുന്നു

**ഭാഗം-4**

29. ഓഡിറ്റ് ചാർജ്

30. ഓഡിറ്റ് പ്രത്യവലോകനം

**ഭാഗം-5 അനുബന്ധങ്ങൾ**

അനുബന്ധം-1: തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

അനുബന്ധം-2: ഓഡിറ്റ് സർട്ടിഫിക്കറ്റ്

LOCAL FUND AUDIT DEPARTMENT

## ഭാഗം-I

## വിലയിരുത്തലുകൾ

### 1. ആമുഖം

വിജ്ഞാനം സാധാരണ ജനങ്ങളിൽ എത്തിക്കുക, മലയാളിയുടെ സാംസ്കാരിക അവബോധം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ 1961 ൽ തുടക്കം കുറിച്ച സ്ഥാപനമാണ് സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്. ഭാഷാ സ്നേഹികൾക്കും, പഠിതാക്കൾക്കും റഫറൻസ് ഗ്രന്ഥമായി ഉപയോഗിക്കാൻ കഴിയുന്ന വിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണമാണ് ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗമായി നിശ്ചയിച്ചിരുന്നത്.

51 വർഷങ്ങൾ പിന്നിടുമ്പോൾ വൈജ്ഞാനിക മേഖലയുടെ തിലകക്കുറിയാകേ സ്ഥാപനം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയിലും, ജീവനക്കാരുടെ അഭാവത്തിലും ബുദ്ധിമുട്ടുന്ന അവസ്ഥയിലാണ്. ആസ്ഥാനമന്ദിരം, ഗോഡൗൺ സൗകര്യം എന്നിവപോലും സ്വന്തമാക്കാൻ കഴിയാതെ വാടകകെട്ടിടത്തിലാണ് ഓഡിറ്റ് വർഷത്തിലും സ്ഥാപനം പ്രവർത്തിക്കുന്നത്.

ഏറ്റെടുത്ത പദ്ധതികൾ കാലാനുസൃതമായി പൂർത്തിയാക്കാനായിട്ടില്ലായെങ്കിലും ഏറ്റെടുത്ത ദൗത്യം സർവഥാ അംഗീകരിക്കപ്പെടേ തുതന്നെയാണ്. ഒരു ജനറൽ എൻസൈക്ലോപീഡിയ 10 വാല്യങ്ങളിൽ തയ്യാറാക്കുക എന്നായിരുന്നു 1961 ൽ ലക്ഷ്യമിട്ടത്. 1969 ൽ വാല്യങ്ങളുടെ എണ്ണം 20 ആയി ഉയർത്തി. ഇതുപ്രകാരം 1972 ൽ ആദ്യവാല്യം പ്രസിദ്ധം ചെയ്തു. തുടർന്നിങ്ങോട്ട് വിവിധ വിജ്ഞാനകോശങ്ങളുടെ പ്രസിദ്ധീകരണം, പുന:പ്രസിദ്ധീകരണം, പരിഷ്കരണം എന്നീശ്രേണികളിലായി വിജ്ഞാനകോശവാല്യങ്ങളുടെ 39 പതിപ്പുകളാണ് വായനക്കാരുടെ കൈകളിലെത്തിച്ചത്. പ്രസിദ്ധമായ ഈ സ്ഥാപനം കരസ്ഥമാക്കിയിട്ടുള്ള പുരസ്കാരങ്ങളുടെ പട്ടിക പ്രസിദ്ധീകരണങ്ങളുടെ മേന്മ വ്യക്തമാക്കുന്നതാണ്.

LOCAL FUND AUDIT DEPARTMENT

## പുരസ്കാരങ്ങൾ

1. ഇന്ത്യൻ ഭാഷകളിലെ മികച്ച റഫറൻസ് ഗ്രന്ഥത്തിനുള്ള ദേശീയ പുരസ്കാരം-1979. (ഇന്ത്യൻ പ്രസിഡന്റായിരുന്ന ശ്രീ.നീലംസഞ്ജീവറെഡ്ഡിയാണ് അവാർഡ്ദാനം നിർവ്വഹിച്ചത്)
2. മികച്ച രൂപകൽപനയ്ക്കും മുദ്രണത്തിനുമുള്ള പുരസ്കാരം 1992-1998 (മലയാള പുസ്തക വികസന സമിതി - കേരള സർക്കാർ) - വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം 2.
3. മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള പുരസ്കാരം മൂന്നു തവണ
    1. സർവവിജ്ഞാനകോശം വാല്യം 3 (1976-77)
    2. സർവവിജ്ഞാനകോശം വാല്യം 4 (1978-79)
    3. സർവവിജ്ഞാനകോശം വാല്യം 7 (1987)
4. ഇന്റർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ് ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം.
5. തിരുവനന്തപുരം അന്താരാഷ്ട്ര പുസ്തകമേളയിലെ (2010) മികച്ച വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കുള്ള പുരസ്കാരം
    1. ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം
    2. പരിണാമ വിജ്ഞാനകോശം
6. മഹാത്മാഗാന്ധി സർവ്വകലാശാല പുരസ്കാരം 2011 (സർവവിജ്ഞാനകോശം വാല്യം 15)
7. കോഴിക്കോട് അന്താരാഷ്ട്ര പുസ്തകമേളയിൽ (2013) സമ്മാനിക്കപ്പെട്ട മികച്ച ഗ്രന്ഥനിർമ്മിതിക്കുള്ള അവാർഡ് (ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശം)

സമഗ്രവും സാരവത്തുമായ വൈജ്ഞാനിക ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക ഗ്രന്ഥങ്ങൾ മലയാള ഭാഷാ വൈജ്ഞാനിക മേഖലയിലെ നെടുംതൂണാണ്, മലയാളത്തിന്റെ യശസും. തദനുസൃതമായ പരിഗണന ഈ സ്ഥാപനത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ ഉ ാകേ ിയിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 2. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2011-12 സാമ്പത്തിക കാലയളവിലെ ജനറൽ ഫ ് വരവ് ചെലവ് കണക്കുകൾ ലോക്കൽ ഫ ് ഓഡിറ്റ് വിഭാഗം പരിശോധിച്ചു.

## 3. ഓഡിറ്റു റിപ്പോർട്ടുകളിൻമേൽ തുടർനടപടി ത്വരിതപ്പെടുത്തണം

ലോക്കൽ ഫ ് ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ട് സ്ഥാപനത്തിന് ലഭ്യമാക്കിയാൽ ലോക്കൽ ഫ ് ഓഡിറ്റ് ആക്ട് അല്ലെങ്കിൽ സ്ഥാപനത്തിന് ബാധകമായ സ്പെഷ്യൽ റൂൾസ് എന്നിവയിൽ വ്യവസ്ഥചെയ്തിട്ടുള്ള കാലവളവിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി ലഭ്യമാക്കേ തു ്. ലോക്കൽ ഫ ് ഓഡിറ്റ് ആക്ടിലെ സെക്ഷൻ 15 റൂൾ 23 പ്രകാരം 12.02.1997 ന് ശേഷം ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ചാൽ ഈ സമയപരിധി 2 മാസമെന്നു നിശ്ചയിച്ചിരിക്കുന്നു. സ്ഥാപനം ഓഡിറ്റു വിഭാഗത്തിനു ലഭ്യമാക്കുന്ന റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ ഓഡിറ്റ് ചൂ ിക്കാണിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച വിവരങ്ങളോ പരാമർശങ്ങളിൻമേലുള്ള വിശദീകരണങ്ങളോ ഉൾപ്പെടുത്താവുന്നതാണ്. എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾസ് 16(5), 16(6) എന്നിവയിലും

ഓഡിറ്റ് റിപ്പോർട്ടിന് മറുപടി ലഭ്യമാക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടു ്. നാളിതുവരെ ജനറൽ ഫ ് വിഭാഗത്തിൽ മാത്രം 36 റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു .വിശദവിവരം ***അനുബന്ധം – 1*** ആയി ചേർത്തിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 4. ഓഡിറ്റ് വ്യാപ്തി

കേരള സർവവിജ്ഞാനകോശ പ്രസിദ്ധീകരണ സൊസൈറ്റി സഹായ ഗ്രാന്റുകൾ നൽകലും ക്രമപ്പെടുത്തലും സംബന്ധിച്ച ചട്ടങ്ങൾ 11, 13 എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 16 എന്നിവ ആധാരമാക്കി സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ 2011-12 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളെക്കുറിച്ചുള്ള കാഷ് ബുക്ക്, സ്റ്റോക്കുബുക്കുകൾ, വൗച്ചറുകൾ, അനുബന്ധഫയലുകൾ എന്നിവ പരിശോധിച്ചു.

## 5. ഭരണസമിതി

സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസാരഥ്യം ബഹു: മുഖ്യമന്ത്രി, ബഹു: സാംസ്കാരിക വകുപ്പുമന്ത്രി, ഫൈനാൻസ് സെക്രട്ടറി, സാംസ്കാരിക വകുപ്പു സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി സാംസ്കാരിക വകുപ്പ് എന്നിവരും, അനൗദ്യോഗിക അംഗങ്ങളുമടങ്ങുന്ന ഭരണസമിതിക്കാണ്.

'മെമോറാ ം ഒഫ് അസോസിയേഷൻ ആന്റ് റൂൾസ് റിലേറ്റിംഗ് റ്റു ദ് എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ളിക്കേഷൻ (കേരള) സൊസൈറ്റി'- റൂൾസിലെ റൂൾ 12 നാലുമാസത്തിലൊരിക്കൽ ഭരണസമിതിയോഗം ചേരണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതി, പദ്ധതിയേതര പ്രവർത്തനങ്ങൾ തടസംകൂടാതെ മുന്നോട്ടു പോകുന്നതിന് ഭരണസമിതിയോഗത്തിന്റെ അഭാവം പലപ്പോഴും തടസ്സമാകുന്നു .

2011-12 സാമ്പത്തിക വർഷത്തിൽ ഭരണസമിതി യോഗം ചേർന്നിട്ടില്ല.

LOCAL FUND AUDIT DEPARTMENT

## 6. ബജറ്റ്

2011-12 കാലയളവിലെ ബജറ്റ് നിർദ്ദേശങ്ങൾ 05.10.2010 ൽ 648/ഇ4/2010/ എസ്.ഐ.ഇ.പി നമ്പർ കത്തുപ്രകാരം സർക്കാരിനു സമർപ്പിച്ചു. ഭരണസമിതി കൂടുന്നതിനു  ായ അമാന്തംമൂലം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നേരിട്ടു സമർപ്പിച്ച ഈ ബജറ്റ് നിർദ്ദേശങ്ങൾക്ക് 23.11.2010 ലെ ര  ാം നമ്പർ തീരുമാനപ്രകാരം സാധൂകരണം നൽകി. പദ്ധതി, പദ്ധതി ഇതരം എന്നീ ര  ിനങ്ങളിലെ നിർദ്ദേശങ്ങളാണ് സമർപ്പിക്കപ്പെട്ടത്.

### എ. പദ്ധതി

2,54,10,000/- രൂപയുടെ നിർദ്ദേശങ്ങളാണ് ഇതിലുൾക്കൊള്ളിച്ചത്. വിശദവിവരം ചുവടെ.

- സർവവിജ്ഞാനകോശം 16, 17 എന്നീ വാല്യങ്ങളുടെ 5000 കോപ്പികൾ വീതം അച്ചടിപ്പിക്കുന്നതിന് - രൂപ 40 ലക്ഷം
- വിശ്വസാഹിത്യ വിജ്ഞാനകോശം 8-ാം വാല്യത്തിന്റെ 5000 കോപ്പികളുടെ മുദ്രണ-മറ്റനുബന്ധ ചെലവുകൾക്ക് - രൂപ 15 ലക്ഷം
- സർവവിജ്ഞാനകോശം വാല്യം 4, 7, 8 എന്നിവ പരിഷ്കരിച്ച് അച്ചടിക്കുന്നതിന് - ഓരോന്നിന്റെയും 5000 കോപ്പികൾ വീതം - രൂപ 60 ലക്ഷം
- ഡസ്ക് ടോപ്പ് എൻസൈക്ലോപീഡിയ: 1, 2 വാല്യങ്ങൾ - രൂപ 20 ലക്ഷം
- ഇയർബുക്ക് 2011 - രൂപ 15 ലക്ഷം
- ശാസ്ത്ര കല  ർ 2011 - രൂപ 01 ലക്ഷം

ഡസ്ക് ടോപ്പ് എൻസൈക്ലോപീഡിയ, ഇയർ ബുക്ക്, ശാസ്ത്ര കല  ർ എന്നിവയ്ക്ക് തുക നീക്കിവച്ചെങ്കിലും എത്രഎണ്ണം വീതമാണെന്ന് സൂചിപ്പിച്ചിട്ടില്ല.

- നിയമവിജ്ഞാനകോശം, മലയാളസാഹിത്യവിജ്ഞാനകോശം എന്നിവയുടെ പ്രാരംഭനടപടികൾക്കായി ഓരോന്നിനും 4.5 ലക്ഷം രൂപ വീതം ഉൾപ്പെടുത്തി (4.5 X 2 = 9 ലക്ഷം)
- ബാക്കി വന്ന രൂപ 94,10,000 മറ്റനുബന്ധ ചെലവുകൾക്ക് ഉപയോഗിച്ചു.

LOCAL FUND AUDIT DEPARTMENT

## ബി. പ്രാവർത്തികമാക്കിയ പദ്ധതികൾ

മേൽ പ്രസ്താവ്യ പദ്ധതികളിൽ സർവവിജ്ഞാനകോശം 7-ാം വാല്യം (പരിഷ്കരണം) മാത്രമാണ് പ്രസിദ്ധം ചെയ്തത്. 20.11.2012 ൽ ബജറ്റിലുൾപ്പെടുത്തിയതിന്റെ കേവലം 15 ശതമാനമാണ് പൂർത്തീകരണം.

2011-12 ൽ, 2010-11 പദ്ധതി നിർദ്ദേശങ്ങളിലുൾപ്പെട്ട മറ്റൊരു വാല്യം കൂടി പ്രസിദ്ധം ചെയ്തു; സർവവിജ്ഞാനകോശം വാല്യം 10 (പരിഷ്കരണം).

2011-12 ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പ്രസിദ്ധം ചെയ്യുമെന്ന് അറിയിച്ച വാല്യങ്ങളുടെ വിവരം ഇനിപ്പറയും പ്രകാരമാണ്.

| ക്രമനമ്പർ | വിജ്ഞാനകോശത്തിന്റെ വിവരണം | പ്രസിദ്ധം ചെയ്യാൻ തീരുമാനിച്ച തീയതി | പ്രസിദ്ധം ചെയ്ത തീയതി |
|---|---|---|---|
| 1 | സർവവിജ്ഞാനകോശം വാല്യം 16 | 2011 ഏപ്രിൽ | ഇല്ല |
| 2 | സർവവിജ്ഞാനകോശം വാല്യം 17 | 2012 ഫെബ്രുവരി | ഇല്ല |
| 3 | സർവവിജ്ഞാനകോശം വാല്യം 07 (പരിഷ്കരണം) | 2011 ജൂലായ് | 29.02.2012 |
| 4 | സർവവിജ്ഞാനകോശം വാല്യം 08 (പരിഷ്കരണം) | 2011 ഓഗസ്റ്റ് | ഇല്ല |
| 5 | സർവവിജ്ഞാനകോശം വാല്യം 04 (പരിഷ്കരണം) | 2011 സെപ്റ്റംബർ | ഇല്ല |
| 6 | വിശ്വസാഹിത്യവിജ്ഞാനകോശം വാല്യം 08 | 2011 മെയ് | 25.09.2012 |
| 7 | ഡെസ്ക്ടോപ്പ് എൻസൈക്ലോപീഡിയ വാല്യം 01 & 02 | 2011 ഏപ്രിൽ | ഇല്ല |
| 8 | വാർഷിക വിജ്ഞാനകോശം | 2012 ജനുവരി | ഇല്ല |

LOCAL FUND AUDIT DEPARTMENT

മുൻകൂട്ടി തീരുമാനിച്ച തീയതികളിൽ വാല്യങ്ങൾ പ്രസിദ്ധം ചെയ്ത് വിൽപനയ്ക്ക് സജ്ജമാക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ വിശ്വാസ്യതയെ ഹനിക്കുന്നതാണ്.

## സി. പദ്ധതി ഇതരം

**5,04,93,460** രൂപയുടെ പദ്ധതിയേതര ചെലവിനങ്ങളാണ് സമർപ്പിക്കപ്പെട്ടത്. റിവോൾവിംഗ് ഫ ിൽ നിന്ന് കടമെടുത്ത തുക തിരിച്ചടയ്ക്കുന്നതിനായി 2 കോടി രൂപ വകയിരുത്തി. ശമ്പളം, മറ്റനുബന്ധ ചെലവുകൾ എന്നിവയ്ക്കായി **3,04,93,460** രൂപ നീക്കിവച്ചു. ഓഡിറ്റുവർഷം (2011-12) ശമ്പളഇനത്തിൽ മാത്രം **1,59,68,681** രൂപ ചെലവഴിച്ചു.

## ഡി. ബജറ്റ് നിർദ്ദേശങ്ങളിൽ അപാകങ്ങൾ

പദ്ധതിയിന നിർദ്ദേശങ്ങൾ യാഥാർത്ഥ്യത്തിൽ നിന്നും വളരെ അകലം പാലിക്കുന്നു. നിർദ്ദേശങ്ങളിൽ 10-15 ശതമാനം മാത്രമാണ് തൻ വർഷം ലക്ഷ്യം ക ത്. ലഭ്യമായ / ലഭ്യമാക്കാൻ കഴിയുന്ന മനുഷ്യശേഷി കൂടി കണക്കിലെടുത്ത് ബജറ്റിനു രൂപം നൽകാൻ ശ്രദ്ധിക്കേ താണ്. പദ്ധതി വ്യതിയാനം, ചെലവ് അധികമാകൽ എന്നീ സന്ദർഭങ്ങളിൽ സപ്ലിമെന്ററി ഡിമാന്റ്/റീ-അപ്രോപ്രിയേഷൻ എന്നിവയ്ക്ക് ഭരണസമിതിയുടെ അംഗീകാരത്തോടെ നിർദേശങ്ങൾ സർക്കാരിനു സമർപ്പിക്കാവുന്നതാണ്.

## 7. ഗ്രാന്റ് വിഹിതം

2011-12 വർഷം പദ്ധതി നടത്തിപ്പിനായി 2,54,10,000 രൂപ ആവശ്യപ്പെട്ടപ്പോൾ 1,00,00,000 രൂപയാണ് സർക്കാർ ഗ്രാന്റിനത്തിൽ അനുവദിച്ചത്. ഈ തുകയിൽ 72,42,867 രൂപ ചെലവഴിച്ചു.

പദ്ധതിയേതര വിഭാഗത്തിൽ 5,04,93,460 രൂപ ആവശ്യപ്പെട്ടപ്പോൾ 1,46,55,000 രൂപ അനുവദിച്ചു. ഈയിനത്തിൽ 32,35,304 രൂപ കടമെടുത്ത് അധികമായി ചെലവാക്കി. അങ്ങനെ ആകെ ചെലവ് 1,78,90,304 രൂപയായി ഉയർന്നു. വിവരം പട്ടികയായി ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

| **പ്ലാൻ സ്കീം – അനുവദിച്ച തുക** | | |
|---|---|---|
| **ക്രമനമ്പർ** | **ഉത്തരവ് നമ്പരും, തീയതിയും** | **തുക** |
| 1 | ജി.ഒ.(ആർ.റ്റി) നം.353/11/സി.എ.ഡി തീയതി 29.06.11 | 33,00,000 |
| 2 | ജി.ഒ.(ആർ.റ്റി) നം.434/11/സി.എ.ഡി തീയതി 31.08.11 | 33,00,000 |
| 3 | ജി.ഒ.(ആർ.റ്റി) നം.41/12/സി.എ.ഡി തീയതി 21.01.12 | 34,00,000 |
| | **ആകെ** | **1,00,00,000** |

| **നോൺ പ്ലാൻ സ്കീം – അനുവദിച്ച തുക** | | |
|---|---|---|
| **ക്രമനമ്പർ** | **ഉത്തരവ് നമ്പരും, തീയതിയും** | **തുക** |
| 1 | ജി.ഒ.(ആർ.റ്റി) നം.316/11/സി.എ.ഡി തീയതി 23.05.11 | 48,85,000 |
| 2 | ജി.ഒ.(ആർ.റ്റി) നം.438/11/സി.എ.ഡി തീയതി 02.09.11 | 48,85,000 |
| 3 | ജി.ഒ.(ആർ.റ്റി) നം.43/12/സി.എ.ഡി തീയതി 21.01.12 | 48,85,000 |
| | **ആകെ** | **1,46,55,000** |

## 8. വാർഷിക ബാലൻസ്ഷീറ്റ്, മറ്റു റിട്ടേണുകൾ

1955 ലെ ട്രാവൻകൂർ-കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് (ആക്റ്റ് XII) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ് സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്. ഈ ആക്ടിലെ സെക്ഷൻ 13 പ്രകാരം സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക ബാലൻസും, അനുബന്ധ റിട്ടേണുകളും സൊസൈറ്റീസ് രജിസ്ട്രാർക്ക് സമർപ്പിക്കേ തു ്. ഓഡിറ്റുവർഷം വാർഷിക ബാലൻസും, അനുബന്ധ റിട്ടേണുകളും സൊസൈറ്റീസ് രജിസ്ട്രാർക്ക് സമർപ്പിച്ചുകാണുന്നില്ല.

## 9. വാർഷിക കണക്ക്

2011-12 കാലയളവിലെ ജനറൽ ഫ ് അക്കൗ ്സ് വാർഷിക കണക്കുകൾ 26.07.2012 ലാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. (കത്ത് നം.836/എ1/2012/എസ്.ഐ.ഇ.പി). എസ്.ഐ.ഇ.പി (കേരള) സൊസൈറ്റി റൂൾസിലെ ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 16(III) പ്രകാരം വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനകം (ജൂൺ 30 ന് മുൻപ്) ഓഡിറ്റിന് ലഭ്യമാക്കണമെന്നാണ്. ചട്ടപ്രകാരം വാർഷിക കണക്കുകൾ ഓഡിറ്റിനു നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ഡയറക്ടർ ശ്രദ്ധിക്കേ താണ്. ഇതിൽമേലുള്ള പരിശോധനാ വിവരം സാമ്പത്തിക നില പ്രതിപാദിക്കുന്ന ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 10. പൊതു അവലോകനം

- ☞ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി 51 വർഷം പിന്നിടുമ്പോൾ പ്രധാനോദ്ദേശ പദ്ധതിയുടെ 75% പൂർത്തിയായി.
- ☞ ബഹു: നിയമസഭാകമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിന് നടപടികളു ാവണം.
- ☞ ജി.ഒ.(പി).35/99/സി.എ.ഡി തീയതി 18.08.1999 പ്രകാരം 1999 മുതൽ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി ക്കു വിട്ടെങ്കിലും നിയമനനടപടികൾ ആരംഭിക്കാനായിട്ടില്ല.
- ☞ യഥാസമയം ഭരണസമിതി യോഗം ചേരുന്നതിനുള്ള നടപടികൾ ഉ ാകണം.
- ☞ കരാർ ലംഘനങ്ങൾക്കും പ്രിന്റിങ് പ്രസിന്റെ ഭാഗത്തുനിന്ന് ഉ ാകുന്ന വീഴ്ചകൾക്കും തടയിടണം.

LOCAL FUND AUDIT DEPARTMENT

മലയാള ഭാഷയുടെ വളർച്ചയ്ക്കും, പ്രചാരണത്തിനുമായി ഒരു വിജ്ഞാനകോശം എന്ന ആശയത്തിലധിഷ്ഠിതമായി 1961 ൽ ആരംഭിച്ചതാണ് സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്. അകാരാദിക്രമത്തിൽ 20 വാല്യങ്ങളായി ഒരു വിജ്ഞാനകോശം പ്രസിദ്ധം ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. സ്ഥാപിതമായി 51 വർഷം പിന്നിടുമ്പോൾ സർവവിജ്ഞാനകോശത്തിന്റെ 15 വാല്യങ്ങൾ പ്രസിദ്ധീകൃതമായി.

വിശ്വഭാഷകളിലെ അമൂല്യഗ്രന്ഥങ്ങൾ, സാഹിത്യകാരന്മാർ, സാഹിത്യപ്രസ്ഥാനങ്ങൾ എന്നിവ മലയാളികളെപ്പരിചയപ്പെടുത്തുന്നതിനായി 1985 ൽ തുടങ്ങിയ പ്രസിദ്ധീകരണമാണ്

വിശ്വസാഹിത്യ വിജ്ഞാനകോശം. 10 വാല്യങ്ങളിലായി പ്രസിദ്ധം ചെയ്യാൻ ഉദ്ദേശിച്ചുള്ള ഈ വിജ്ഞാനകോശത്തിന്റെ 8 വാല്യങ്ങൾ പുറത്തിറക്കി.

പരിസ്ഥിതി, ജ്യോതിശ്ശാസ്ത്രം, പരിണാമം എന്നിവയെ അധികരിച്ചുള്ള മൂന്നു വിജ്ഞാനകോശങ്ങളും പ്രസിദ്ധം ചെയ്തു.

പ്രസിദ്ധീകൃതമായ വാല്യങ്ങളുടെ പരിഷ്കരണം, പുനഃപ്രസിദ്ധീകരണം എന്നീ പ്രക്രിയകളും നടന്നുവരുന്നു.

## <u>എ. ലക്ഷ്യപ്രാപ്തി</u>

20 വർഷങ്ങളിൽ 20 വാല്യങ്ങൾ എന്ന ലക്ഷ്യം പ്രാപ്യമായിട്ടില്ല. ഇക്കാലയളവിൽ സർവവിജ്ഞാനകോശത്തിന്റെ (മലയാള വിജ്ഞാനകോശം) 15 വാല്യങ്ങൾ (പ്രതീക്ഷിതമായതിന്റെ 75 ശതമാനം) പൂർത്തിയാക്കാനായി. ഇവ പൂർണ്ണമാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ ഓഡിറ്റ് ഇങ്ങനെ സംഗ്രഹിക്കുന്നു.

## <u>ബി. ബഹുമാനപ്പെട്ട നിയമസഭാകമ്മിറ്റി ശുപാർശ നടപ്പാക്കാത്തത്</u>

ഇൻസ്റ്റിറ്റ്യൂട്ടിൽ 40 (ഡയറക്ടറും, ഭാഷാവിദഗ്ധനും ഉൾപ്പെടെ) എഡിറ്റോറിയൽ തസ്തികയാണുള്ളത്.

| | | |
|---|---|---|
| 1) അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് 1 | - | 06 |
| 2) അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ് 2 | - | 06 |
| 3) സബ് എഡിറ്റർ ഗ്രേഡ് 1 | - | 07 |
| 4) സബ് എഡിറ്റർ ഗ്രേഡ് 2 | - | 07 |
| 5) എഡിറ്റോറിയൽ അസിസ്റ്റന്റ് | - | 12 |

പ്രസിദ്ധീകരണത്തിലെ കാലതാമസത്തിനു പരിഹാരമായി ബഹു: നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 4-ാമത് റിപ്പോർട്ടിൽ (1991-93) ഇൻസ്റ്റിറ്റ്യൂട്ടിലെ ഓരോ എഡിറ്ററും പ്രതിമാസം 5000 വാക്കുകളിൽക്കുറയാതെയുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കണമെന്ന് ശുപാർശ ചെയ്യുന്നു. ''വിജ്ഞാനകോശത്തിലേക്കുള്ള ലേഖനങ്ങളുടെ രചന സർഗ്ഗാത്മക സാഹിത്യ സൃഷ്ടി പോലെ മൗലിക സ്വഭാവമുള്ളതല്ല എന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽ ലേഖനം

LOCAL FUND AUDIT DEPARTMENT

തയ്യാറാക്കാൻ ബുദ്ധിമുട്ടു ാവുകയില്ലെന്ന് സമിതി പ്രതീക്ഷിക്കുന്നു'' എന്നും കൂടാതെ ''...വിജ്ഞാനകോശത്തിന്റെ എഡിറ്റോറിയൽ വിഭാഗത്തിൽ രൂപം കൊള്ളുന്ന ലേഖനങ്ങളുടെ എണ്ണം തുലോം പരമിതമാണെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ വിഭാഗത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനമാന്ദ്യം കൊ ാണോ അതോ ഏതെങ്കിലും വ്യക്തിയുടെ ഉദാസീനത കൊ ാണോ ഇങ്ങനെ സംഭവിക്കുന്നതെന്ന് ക ുപിടിക്കാനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാനും ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേ ിയിരിക്കുന്നു'' എന്നും നിയമസഭാസമിതി ശുപാർശ ചെയ്തിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ 15.01.2002 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പുറപ്പെടുവിച്ച ഓഫീസ് സർക്കുലർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

1) ''എഡിറ്റോറിയൽ അസിസ്റ്റന്റുമാരും സബ് എഡിറ്റർമാരും കുറഞ്ഞത് മൊത്തം ലേഖനങ്ങളുടെ 60 ശതമാനത്തിൽ കുറയാതെയുള്ള ലേഖനങ്ങൾ തയ്യാറാക്കണം.
2) എഡിറ്റോറിയൽ സ്റ്റാഫംഗങ്ങൾ പ്രതിമാസം 5000 വാക്കിൽ കുറയാതെയുള്ള ലേഖനനിർമ്മാണം നടത്തണം.
3) ലേഖനങ്ങളെഴുതി അവശ്യം വേ ുന്ന മികച്ച ആധികാരികഗ്രന്ഥങ്ങളുമായി ഒത്തുനോക്കി, അന്യൂനമാക്കി, തികച്ചും പ്രസിദ്ധീകരണയോഗ്യമാക്കിയായിരിക്കണം എഡിറ്റോറിയൽ സ്റ്റാഫംഗങ്ങൾ ഡയറക്ടർക്കു സമർപ്പിക്കേ ത്. ഈ വ്യവസ്ഥ പാലിക്കാതെ സമർപ്പിക്കുന്ന ലേഖനങ്ങൾ സ്വീകരിക്കുന്നതല്ല.
4) മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാതിരിക്കുന്നതിന് ഔദ്യോഗിക കൃത്യവിലോപമായി കണക്കാക്കുകയും, വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് ''.

നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെയും, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടേയും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിരുന്നെങ്കിൽ പ്രസിദ്ധീകരണത്തിലെ കാലതാമസം ഒഴിവാക്കാമായിരുന്നു വെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

LOCAL FUND AUDIT DEPARTMENT

## സി. എഡിറ്റോറിയൽ സ്റ്റാഫിന്റെ അപര്യാപ്തത

ഡയറക്ടർ, ഭാഷാവിദഗ്ധൻ എന്നിവരെക്കൂടാതെ 12 അസിസ്റ്റന്റ് എഡിറ്റർമാർ, 4 എഡിറ്റോറിയൽ അസിസ്റ്റന്റ്മാർ (താത്കാലികം) എന്നിങ്ങനെ 16 പേരാണ് 40 അംഗങ്ങൾ ഉ ാകേ എഡിറ്റോറിയൽ വിഭാഗത്തിൽ ഓഡിറ്റു വർഷം ഉ ായിരുന്നത്. 1995 ൽ ആണ് അവസാനമായി എഡിറ്റോറിയൽ അസിസ്റ്റന്റിനെ നിയമിച്ചത്. അന്നുമുതലുള്ള ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ല. ജി.ഒ.(പി).35/99/സി.എ.ഡി തീയതി 18.08.1999 പ്രകാരം 1999 മുതൽ ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടുവെങ്കിലും നിയമനങ്ങൾക്കു പ്രാരംഭനടപടികൾ പോലും തുടങ്ങിയിട്ടില്ല. എഡിറ്റോറിയൽ വിഭാഗം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുകയും ബഹു:നിയമസഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശയ്ക്കനുസരണമായി എഡിറ്റോറിയൽ വിഭാഗം പ്രവർത്തിക്കുകയും ചെയ്താൽ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രസിദ്ധീകരണത്തിൽ താമസംവിനാ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഡി. ആദ്യം തുടങ്ങിയതിന് മുൻഗണന നൽകണം

സർവവിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണ നടപടികൾ പൂർണ്ണമാക്കുന്നതിനു മുൻപേ മറ്റു വിജ്ഞാനകോശം വാല്യങ്ങളുടെ പ്രസിദ്ധീകരണ നടപടികളിലേക്കു തിരിഞ്ഞതാണ് സർവവിജ്ഞാനകോശ വാല്യങ്ങളുടെ പ്രസിദ്ധീകരണ പ്രക്രിയ ഇഴഞ്ഞു നീങ്ങാനു ായ മറ്റൊരു പ്രധാന കാരണം. സർവവിജ്ഞാനകോശ വാല്യങ്ങളുടെ പ്രവർത്തനങ്ങൾക്കിടയിൽ വിശ്വസാഹിത്യം, പരിസ്ഥിതി, പരിണാമം, ജ്യോതിശ്ശാസ്ത്രം എന്നീ വിജ്ഞാനകോശങ്ങളുടെ ജോലികൾ ഏറ്റെടുത്തതും സർവവിജ്ഞാനകോശ വാല്യങ്ങളുടെ പരിഷ്കരണ-പുന:പ്രസിദ്ധീകരണ നടപടികളുമായി മുന്നോട്ടു പോയതും ആദ്യം തുടങ്ങിയ പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കി. കാര്യങ്ങൾ ഇങ്ങനെയായിട്ടും സ്ഥാപനലക്ഷ്യം പൂർത്തിയാക്കാതെ പുതിയ വിജ്ഞാനകോശങ്ങളുടെ ജോലികൾ ഏറ്റെടുക്കുന്നതിന് തിടുക്കം കാട്ടുന്നതായി കാണാം (എല്ലാ ബജറ്റ് നിർദ്ദേശങ്ങളിലും ഇക്കാര്യം പ്രകടമാണ്). ഇതൊഴിവാക്കി ആരംഭിച്ച വാല്യങ്ങൾ

LOCAL FUND AUDIT DEPARTMENT

പൂർണ്ണമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കേ താണ്.

## ഇ. പുറമേയുള്ളവരിൽ നിന്ന് ലേഖനങ്ങൾ സമാഹരിക്കുന്നത്

പുറമേനിന്നുള്ളവരിൽ നിന്ന് പ്രതിഫലം നൽകി ലേഖനങ്ങൾ സമാഹരിക്കുമ്പോൾ വ്യക്തമായ ആസൂത്രണം അനിവാര്യമാണ്. ഏത് വാല്യത്തിലേയ്ക്ക് ലേഖനം സമാഹരിക്കുന്നു എന്നും, സമാഹരിക്കുന്ന ലേഖനങ്ങളുടെ പ്രസക്തി നഷ്ടമാകുന്നതിനുമുൻപ് വാല്യങ്ങളിൽ അത് ഉൾക്കൊള്ളിക്കുന്നു എന്നും ഉറപ്പുവരുത്താൻ കഴിയണം. പണംകൊടുത്ത് സമാഹരിക്കുന്ന ലേഖനങ്ങൾ കാലതാമസം മൂലം പ്രസിദ്ധീകരിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുന്നത് സ്ഥാപനത്തിന്റെ ലക്ഷ്യത്തെ തകിടം മറിക്കുന്നു ്.

## എഫ്. ഏകോപനത്തിലെ പോരായ്മകൾ

വിവിധ വിഭാഗങ്ങളുടെ ഏകോപനം ഇൻസ്റ്റിറ്റ്യൂട്ടിൽ അനുയോജ്യമായ തരത്തിൽ നടക്കുന്നില്ല. ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഡെവലപ്മെന്റ് ഓഫീസർ, ഫൈനാൻസ് ഓഫീസർ, മാനേജർ എന്നീ ഉയർന്ന തസ്തികകളിലെല്ലാം നിയമിക്കപ്പെടുന്നവർ റീഎംപ്ളോയ്മെന്റ്, എക്സ് കേഡർ തസ്തിക എന്നീ വിഭാഗത്തിൽപ്പെടുന്നവരാണ്. സാങ്കേതിക വിജ്ഞാനം ആവശ്യമായ പ്രൊഡക്ഷൻ ഓഫീസറുടെ തസ്തിക താത്കാലിക ചുമതലയിലാണ്. എഡിറ്റോറിയൽ, പ്രിന്റിങ്, ആർട്ട്, സെയിൽസ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളുടെ ഏകീകൃതവും സമയബന്ധിതവുമായ പ്രവർത്തനവും അവയുടെ ക്രോഡീകരണവും കൃത്യമായി നടക്കാത്തത് വാല്യങ്ങളുടെ പ്രസിദ്ധീകരണപ്രക്രിയ വൈകിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ പോരായ്മകൾ പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

## ജി. പ്രിന്റിങ് പ്രസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച

സാധാരണയായി ലിമിറ്റഡ് ടെ ർ നടപടികളാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ അവലംബിച്ചു കാണുന്നത്. ഈ നടപടികളിലെ അപാകങ്ങൾ മുൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടു ്. ലിമിറ്റഡ് ടെ ർ ഏറ്റവും കുറഞ്ഞത് 4 ക്വട്ടേഷനുകളെങ്കിലും സ്വീകരിച്ചതിൽ നിന്നു മാത്രമേ

LOCAL FUND AUDIT DEPARTMENT

ഒരാളെ തെരഞ്ഞെടുക്കാൻ പാടുള്ളൂ. ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. മിക്കപ്പോഴും ഒന്നോ, രേ ാ ക്വട്ടേഷനുകൾ മാത്രമാണ് ലഭിച്ചുകാണുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട് പ്രിന്റിങ് ജോലികൾ പ്രസിനെ ഏൽപ്പിച്ചിട്ടുള്ള അവസരങ്ങളുമു ായിട്ടു ്.

അച്ചടിജോലികൾ പ്രിന്റിങ് പ്രസിനെ ഏൽപ്പിക്കുമ്പോൾ ഏർപ്പെടുന്ന കരാർ പ്രകാരമുള്ള തീയതിയിൽ വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുന്നതിന് പ്രസുടമകൾ ശ്രദ്ധിച്ചുകാണുന്നില്ല. ഇക്കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തികഞ്ഞ ഉദാസീനതയാണ് സ്വീകരിച്ചുകാണുന്നത്. കരാർ തീയതി പിന്നിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും വാല്യങ്ങൾ ലഭ്യമാക്കാതിരിക്കുന്ന പ്രിന്റിങ് പ്രസിനെതിരെ നടപടിയെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനായിട്ടില്ല. കരാർ ലംഘനത്തിനെതിരെ ഡയറക്ടർക്ക് നടപടി സ്വീകരിക്കാവുന്നതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുപോലും ഇൻസ്റ്റിറ്റ്യൂട്ടിന്റ ഭാഗത്തു നിന്നുള്ള ഇത്തരം നിസംഗത ഗൗരവമായി വീക്ഷിക്കേ താണ്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം അച്ചടിക്കാനേൽപ്പിച്ച വാല്യങ്ങൾ ഒന്നാകെ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കാതെ പ്രിന്റിങ് ചാർജ് അനുവദിക്കാൻ പാടില്ലെന്ന് നിരവധി തവണ ഓഡിറ്റ് ചൂ ിക്കാട്ടിയിട്ടും ഫലമു ായിട്ടില്ല. താൽക്കാലികാവശ്യങ്ങൾക്കായി നാമമാത്രമായ പകർപ്പുകൾ 'അഭ്യർഥിച്ചു വാങ്ങുന്ന' അവസ്ഥ അവസാനിപ്പിക്കുന്നതിന് ഗവേണിങ് ബോഡി ബദ്ധശ്രദ്ധരായിരിക്കേ താണ്.

## <u>എച്ച്. ജീവനക്കാർ</u>

സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിൽ 31 തസ്തികകളിലായി ആകെ 105 ജീവനക്കാരാണു ാകേ ത്. 2011-12 സാമ്പത്തിക വർഷം ഈ തസ്തികകളിലെല്ലാം കൂടി ആകെ 64 ജീവനക്കാരാണു ായിരുന്നത് (സ്ഥിരം + താൽക്കാലികം). വിവിധ തസ്തികകളിലായി 41 ജീവനക്കാരുടെ കുറവ് ഉ ായിരുന്നു. അനുവദനീയമായ തസ്തികകളുടെ വിവരം ചുവടെപറയും പ്രകാരമാണ്.

LOCAL FUND AUDIT DEPARTMENT

| തസ്തിക | എണ്ണം |
|---|---|
| എഡിറ്റോറിയൽ വിഭാഗം (ഡയറക്ടറും, ഭാഷാവിദഗ്ധനും ഉൾപ്പെടെ) | 40 |
| ആർട്ട് വിഭാഗം | 04 |
| ലൈബ്രേറിയൻ | 01 |
| പ്രൊഡക്ഷൻ ഓഫീസർ | 01 |
| പ്രൂഫ് റീഡർ | 01 |
| ഭരണ വിഭാഗം | 58 |
| **ആകെ** | **105** |

LOCAL FUND AUDIT DEPARTMENT

## ഐ. അക്കാഡമിക് വിഭാഗം

എഡിറ്റോറിയൽ അസിസ്റ്റന്റ്, ലൈബ്രേറിയൻ, പ്രൂഫ് റീഡർ, കോപ്പി ഹോൾഡർ, ക്ളർക്കുകൾ, ഡി.റ്റി.പി ഓപ്പറേറ്റർമാർ, ഡ്രൈവർ, നൈറ്റ് വാച്ചർ, സ്വീപ്പർ കം സ്കാവഞ്ചർ എന്നീ തസ്തികകളിൽ സ്ഥിരജീവനക്കാർ ഇല്ലാതിരുന്നതിനാൽ താൽക്കാലികക്കാരാണ് ജോലിനോക്കിയത്.

ഓഡിറ്റു വർഷം കരാർ, ദിവസവേതന അടിസ്ഥാനത്തിൽ 24 ജീവനക്കാർ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ തസ്തികകളിലായി ജോലിചെയ്തു. വിശദവിവരം പട്ടികയായി ചേർക്കുന്നു.

## ജെ. കരാർ അടിസ്ഥാനം

| | | |
|---|---|---|
| എൽ.ഡി.സി | 1 | ശ്രീ.കെ.വിനോദ് കുമാർ |
| | 2 | ശ്രീമതി.എസ്.സുനിത |
| | 3 | ശ്രീമതി.റ്റി.ദീപ |
| | 4 | ശ്രീമതി.സീനത്ത് ബീവി |
| ഡി.റ്റി.പി ഓപ്പറേറ്റേഴ്സ് | 1 | ശ്രീമതി.റ്റി.ബീന |
| | 2 | ശ്രീമതി.എൽ.സുമാദേവി |
| | 3 | ശ്രീമതി.ഡി.എസ്.ദീപ |
| | 4 | ശ്രീമതി.എസ്.ഷാജില |
| | 5 | ശ്രീമതി.എ.എസ്.സുനില |
| | 6 | ശ്രീ.ആർ.ഒ.അനുരാജ് |
| | 7 | ശ്രീ.പി.പ്രദീപ് |
| | 8 | ശ്രീ.റ്റി.എം.ഷിബു |
| | 9 | ശ്രീ.കെ.രാജേഷ് |
| | 10 | ശ്രീ.എസ്.ബിജു |
| പ്രൂഫ് റീഡർ | 1 | ശ്രീമതി.പി.എസ്.ശ്രീലേഖ |
| ഓഫീസ് അറ്റന്റന്റ് | 1 | ശ്രീ.സി.സത്യൻ |
| നൈറ്റ് വാച്ചർ | 1 | ശ്രീ.വി.ഗോപകുമാർ |
| സ്വീപ്പർ കം സ്കാവഞ്ചർ | 1 | ശ്രീമതി.കെ.താര |

LOCAL FUND AUDIT DEPARTMENT

## കെ. ദിവസവേതനം

| | | |
|---|---|---|
| കോപ്പി ഹോൾഡർ | 1 | ശ്രീ.പി.ശശിധരൻ നായർ |
| ഡ്രൈവർ | 1 | ശ്രീ.ജി.അരുൺകുമാർ |
| എൽ.ഡി.സി | 1 | ശ്രീമതി.ജയചിത്ര |
| | 2 | ശ്രീമതി.ദീപ്തി ദിനേശ് |
| | 3 | ശ്രീമതി.രാഖി |
| ഓഫീസ് അറ്റന്റന്റ് | 1 | ശ്രീ.അച്ചൻ കുഞ്ഞ് |

ജി.ഒ.പി.35/99/സി.എ.ഡി തീയതി 18.08.1999 പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുകയാണ്. ഇതിനു ശേഷം ഇവിടെ സ്ഥിര നിയമനങ്ങൾ നടന്നിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവവും, ജീവനക്കാരുടെ കുറവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു ്. അതിനാൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേ ത് അത്യന്താപേക്ഷിതമാണ്. ഈ വിഷയം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടു ങ്കിലും റിപ്പോർട്ടുവർഷവും ഉചിതമായ തീരുമാനം കൈക്കൊ ിട്ടില്ല.

## 11. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് 2011-12 കാലയളവിൽ ലഭ്യമായ പദ്ധതി, പദ്ധതിയേതര സർക്കാർ ഗ്രാന്റുകളുടെ ചെലവുവിവരം സംബന്ധിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ **അനുബന്ധം-2** ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

# ഭാഗം-2

## നിരീക്ഷണങ്ങൾ

## 12. സാമ്പത്തിക നില 2011-12

- ☞ പദ്ധതിയേതര വായ്പ തിരിച്ചടയ്ക്കാൻ പദ്ധതി തുക ഉപയോഗിക്കുന്ന പ്രവണതയ്ക്ക് അറുതി വരുത്തണം.
- ☞ കാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ തമ്മിലുള്ള പൊരുത്തക്കേട് അടിയന്തിരമായി പരിഹരിക്കണം.
- ☞ റിവോൾവിംഗ് ഫ ിൽ നിന്നും കടമെടുക്കുന്നതിന് നിയന്ത്രണമു ാകണം.

LOCAL FUND AUDIT DEPARTMENT

തൻ വർഷം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വരവ് **3,25,29,972** രൂപയും ചെലവ് **2,97,82,683** രൂപയും ആകുന്നു.

| | |
|---|---|
| 01.04.2011 ലെ മുന്നിരിപ്പ് (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | **4,31,771** |
| തൻവർഷ വരവ് | **3,25,29,972** |
| ആകെ | **3,29,61,743** |
| തൻവർഷ ചെലവ് | **2,97,82,683** |
| നീക്കിയിരിപ്പ് | **31,79,060** |

## എ. നീക്കിയിരിപ്പിന്റെ വിശദാംശം

| | |
|---|---|
| കയ്യിരിപ്പ് തുക | 1,000 |
| ട്രഷറിയിലെ നീക്കിയിരിപ്പ് (TPA 230) | **31,78,060** |
| ആകെ | **31,79,060** |

| | |
|---|---|
| ട്രഷറി സ്റ്റേറ്റ്മെന്റ് (TPA 230) പ്രകാരം 31.03.2012 ലെ നീക്കിയിരിപ്പ് | **50,78,387** |
| (-) പണമാകാത്ത ചെക്കുകള്‍ | **17,12,001** |
| (-) 30.03.2010 ലെ ട്രഷറി നീക്കിയിരിപ്പ് 2081939 രൂപയെന്നത് 2109975 രൂപയെന്ന് കാണിച്ചിരിക്കുന്നതിനാല്‍ മുന്‍ ഓഡിറ്റ് റിപ്പോര്‍ട്ട് പ്രകാരം സൂചിപ്പിച്ചിട്ടുള്ളതും, ഇപ്പോഴും നിലനില്‍ക്കുന്നതുമായ വ്യത്യാസം | **28,036** |
| വ്യത്യാസം | **33,38,350** |

LOCAL FUND AUDIT DEPARTMENT

സ്ഥാപനത്തിന്റെ കണക്കുകളും ട്രഷറി കണക്കുകളും തമ്മില്‍ **1,60,290** രൂപയുടെ വ്യത്യാസം (33,38,350 - 31,78,060) നിലനില്‍ക്കുന്നു. പ്രസ്തുത വ്യത്യാസം പൊരുത്തപ്പെടുത്തി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേ താണ്.

## ബി. ട്രഷറി സ്റ്റേറ്റ്മെന്റ് (TPA 230)- നീക്കിയിരിപ്പിലെ അപാകം

30.03.2011 ലെ ട്രഷറി നീക്കിയിരിപ്പില്‍ **28,036** രൂപ അധികമായി കാണിച്ചിട്ടു ്. ഈ വ്യത്യാസം ഇപ്പോഴും നിലനില്‍ക്കുന്നു.

ട്രഷറി നീക്കിയിരിപ്പില്‍ ഇപ്രകാരമു ായ വ്യത്യാസത്തിന് വിശദീകരണം തേടേ തും, സ്ഥാപനത്തിന്റെ കണക്കുമായി പൊരുത്തപ്പെടുത്തേ തുമാണെന്ന് മുന്‍ ഓഡിറ്റ് റിപ്പോര്‍ട്ടില്‍ നിര്‍ദ്ദേശിച്ചിരുന്നെങ്കിലും സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് നടപടി ഉ ായതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല.

| പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | ചെക്ക് നമ്പർ | തീയതി | തുക |
| 1 | 159031 | 31.03.2008 | **1,050** |
| 2 | 159036 | 31.03.2008 | **400** |
| 3 | 233191 | 03.11.2008 | **200** |
| 4 | 50415 | 19.03.2010 | **300** |
| 5 | 50463 | 02.07.2010 | **900** |
| 6 | 406747 | 22.07.2008 | **3,800** |
| 7 | 557919 | 18.07.2011 | **560** |
| 8 | 557924 | 18.07.2011 | **960** |
| 9 | 502138 | 26.11.2011 | **800** |
| 10 | 502161 | 21.12.2011 | **1,200** |
| 11 | 502167 | 29.12.2011 | **2,750** |
| 12 | 502847 | 16.03.2012 | **2,400** |
| 13 | 502844 | 16.03.2012 | **800** |
| 14 | 502848 | 16.03.2012 | **1,280** |
| 15 | 502845 | 16.03.2012 | **1,600** |
| 16 | 514655 | 26.03.2012 | **4,195** |
| 17 | 514655 | 26.03.2012 | **1,340** |
| 18 | 514656 | 26.03.2012 | **2,032** |
| 19 | 514661 | 29.03.2012 | **2,250** |
| 20 | 514660 | 29.02.2012 | **5,515** |
| 21 | 514662 | 29.03.2012 | **1,200** |
| 22 | 514667 | 31.03.2012 | **7,923** |
| 23 | 514666 | 31.03.2012 | **7,578** |
| 24 | 514663 | 31.03.2012 | **6,346** |
| 25 | 514664 | 31.03.2012 | **16,45,797** |
| 26 | 514670 | 31.03.2012 | **4,410** |
| 27 | 514669 | 31.03.2012 | **3,037** |
| 28 | 514668 | 31.03.2012 | **1,378** |
| | | **ആകെ** | **17,12,001** |

LOCAL FUND AUDIT DEPARTMENT

## സി. പദ്ധതി തുക പദ്ധതിയേതര വായ്പ തിരിച്ചടയ്ക്കാൻ ഉപയോഗിച്ചു.

പദ്ധതിതുക, പദ്ധതിയേതര ചെലവുകൾക്കായി റിവോൾവിംഗ് ഫ ിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടയ്ക്കലിന് ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടു ്. ഈ പ്രവണത ഒഴിവാക്കുന്നതിന് ഓഡിറ്റ് വർഷം ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറായിട്ടു ്.

പദ്ധതിയേതര വിഹിതത്തിൽ ബാക്കിയു ായിരുന്ന തുകയും (രൂപ.10,393) തൻവർഷത്തെ വരവും (രൂപ.1,47,29,972) തൻവർഷം ആർ.എഫിൽ നിന്ന് കടമെടുത്ത തുകയും (രൂപ.78,00,000) ചേർന്നുള്ള തുകയിൽ നിന്ന് തൻവർഷത്തെ പദ്ധതിയേതര ചെലവ് (രൂപ.1,79,65,276) കുറവ് ചെയ്യുമ്പോൾ ലഭിക്കുന്ന തുകയാണ് (രൂപ.45,75,089) ആർ.എഫ് ലോൺ തിരിച്ചടവിന് ഉപയോഗിക്കാവുന്നത്. ഇതിൽ 1,000 രൂപ കയ്യിരിപ്പ് (പി.എ) നിലനിർത്തിയശേഷം 45,74,089 രൂപ തിരിച്ചടയ്ക്കുന്നതിന് പകരം 45,74,540 രൂപ ആണ് തിരിച്ചടച്ചിട്ടുള്ളത്. കൂടുതലായി ഒടുക്കിയ 451 രൂപ പദ്ധതിവിഹിതത്തിലുൾപ്പെട്ട തുകയായതിനാൽ ഇത് ക്രമപ്പെടുത്തേ തു ്. പദ്ധതി തുക ആർ.എഫിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാൻ ഉപയോഗിച്ചതിനാൽ, പദ്ധതിയേതര വിഹിതത്തിൽ നിന്ന് ഈ തുക കാര്യകാരണ സഹിതം പദ്ധതി വിഹിതത്തിലേക്ക് പിന്നീട് റീകൂപ്പ് ചെയ്യാമായിരുന്നു. എന്നാൽ മേൽ പറഞ്ഞ 451 രൂപ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്യാഷ്യർ സ്വന്തം കൈയിൽ നിന്ന് ആണ് പ്ലാൻ ഫ ിലേക്ക് ഒടുക്കിയിട്ടുള്ളത്.

സാമ്പത്തിക നടപടികളിൽ കൂടുതൽ സൂക്ഷ്മതയും, അവധാനതയും ആവശ്യമാണ് എന്നതിന്റെ വ്യക്തമായ തെളിവായി ഈ വീഴ്ചയെ ഓഡിറ്റ് നിരീക്ഷിക്കുന്നു. അത്തരം വീഴ്ചകൾ ഒഴിവാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേ താണ്.

LOCAL FUND AUDIT DEPARTMENT

## 13. പി.എഫ് അക്കൗ ്(TPA 405)

### സാമ്പത്തിക നില (2011-12)

| | | |
|---|---|---|
| മുന്നിരിപ്പ് | 61,27,727 | ക്യാഷ് ബുക്ക് പ്രകാരം രൂപ.61,07,693 (വ്യത്യാസം രൂപ.20,034 മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത്. |
| വരവ് | 55,63,560 | |
| ആകെ | 1,16,91,287 | |
| ചെലവ് | 28,78,606 | |
| നീക്കിയിരിപ്പ് | 88,12,681 | ക്യാഷ് ബുക്ക് പ്രകാരം രൂപ.87,92,647 (വ്യത്യാസം രൂപ.20,034 മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിലനിൽക്കുന്നത്. |
| ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പ് | 88,38,848 | |
| ട്രഷറി പാസ് ബുക്കും, ക്യാഷ് ബുക്കും തമ്മിൽ 31.03.2012 ലെ വ്യത്യാസം (88,38,848-87,92,647) | 46,201 | രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. |

LOCAL FUND AUDIT DEPARTMENT

### ഡി. വ്യത്യാസത്തിന്റെ വിശദാംശങ്ങൾ

| | |
|---|---|
| 31.03.2007 ൽ ട്രഷറി പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് രൂപ.51,48,680 ഉം, ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് രൂപ.51,11,479 ഉം ആണ്. (വ്യത്യാസം 51,48,680-51,11,479=37,201) | 37,201 |
| (+) 21.03.2008 ൽ ട്രഷറിയിൽ അധികവരവ് വച്ച തുക (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 10,000 |
| (-) 24.03.2009 ൽ ചെലാൻ നമ്പർ 1356 പ്രകാരം അടച്ച രൂപ.1,000, 1358 പ്രകാരം അടച്ച രൂപ.1,000 ഇവ ഉൾപ്പെടെ മൊത്തം രൂപ.2,000 31.03.2009 നു ശേഷം ട്രഷറി വരവ് വച്ചതിൽ (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 2,000 |
| (+) 30.03.2010 ലെ ചെലാൻ 1260 പ്രകാരം ട്രഷറിയിൽ ഒടുക്കിയ തുക 17.04.2010 ൽ ട്രഷറിയിൽ അധിക വരവ് വച്ചത്. | 1,000 |
| **ആകെ വ്യത്യാസം** | 46,201 |

ട്രഷറി പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ തമ്മിലുള്ള വ്യത്യാസമായ **46,201** രൂപ പൊരുത്തപ്പെടുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും ഇൻസ്റ്റിറ്റ്യൂട്ട് ഇക്കാര്യത്തിൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

തൻവർഷം പണമാകാത്ത ചെക്കുകളില്ല.

## 14. ജി.പി.എഫ് ചട്ടങ്ങൾ കാലികമാക്കണം

- ☞ സ്പെഷ്യൽ റൂൾസിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിക്കപ്പെടുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈ എടുക്കണം.
- ☞ വരിക്കാർക്ക് വാർഷിക ക്രെഡിറ്റ് സ്ലിപ്പ് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളണം.

ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ പി.എഫ് തുക റ്റി.പി.എ 405 നമ്പർ അക്കൗ ില്‍ ട്രഷറിയിൽ സൂക്ഷിക്കുന്നു. 2002-03 മുതൽ 2010-11 വരെയുള്ള 9 വർഷകാലയളവിലെ പലിശ തൻവർഷം അക്കൗ ില്‍ വരവ് വച്ചിട്ടു ്. അനുവദനീയമായ നിരക്കിൽ പലിശ ഈ അക്കൗ ില്‍ ട്രഷറി ഓഫീസർ വരവുവയ്ക്കുന്നു ന്ന് വർഷാവർഷം ഉറപ്പുവരുത്തണം. തദനുസൃതമായി വ്യക്തിഗത പി.എഫ് ക്രെഡിറ്റ് സ്ലിപ്പുകൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേ താണ്.

എസ്.ഐ.ഇ.പി സ്പെഷ്യൽ റൂൾസിലെ പി.എഫ് റൂൾസ് 15(എ) പ്രകാരം 20 വർഷസേവനക്കാലയളവ് പൂർത്തിയായവർ അഥവാ പെൻഷൻ ആകാൻ 5 വർഷം അവശേഷിക്കുന്നവർ എന്നിവർക്കുമാത്രമേ എൻ.ആർ.എ അനുവദിക്കാൻ വ്യവസ്ഥചെയ്യുന്നുള്ളൂ. ഈ ചട്ടത്തിനു വിരുദ്ധമായി 20 വർഷസേവനദൈർഘ്യമില്ലാത്തവർക്കും എൻ.ആർ.എ അനുവദിച്ചിട്ടു ് ചുവടെ പറയുന്നവ ഇതിനുദാഹരണങ്ങളാണ്.

| ക്രമ നമ്പർ | പേര് | സേവന കാലവളവ് | തുക | ചെക്ക് നമ്പറും തീയതിയും |
|---|---|---|---|---|
| 1 | ശ്രീ.ജെ.രഘു | 15 വർഷം | **35,000** | 405235/28.10.2011 |
| 2 | ശ്രീ.റ്റി.കെ.പീയൂസ് | 17 വർഷം | **10,000** | |
| 3 | ശ്രീ.എസ്.കൃഷ്ണകുമാർ | 16 വർഷം | **22,000** | 405236/22.11.2011 |

LOCAL FUND AUDIT DEPARTMENT

| | | | | |
|---|---|---|---|---|
| 4 | ശ്രീമതി.നൂർജിഹാൻ | 16 വർഷം | 1,47,000 | |

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ / ഉത്തരവുകൾക്കനുസൃതമായി സ്പെഷ്യൽ റൂൾസിലും ഭേദഗതികൾ വരുത്താതിരിക്കുന്നതുകൊ ു ാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടേ താണ്. ഇക്കാര്യങ്ങളിൽ ഭരണസമിതി ഉചിത തീരുമാനം കൈക്കൊ ് സർക്കാർ അംഗീകാരം ലഭ്യമാക്കേ താണ്. ചട്ടങ്ങളിൽ അവശ്യ ഭേദഗതികൾ കൂടാതെ ഇതാവർത്തിക്കുന്നത് നിലവിലുള്ള സപെഷ്യൽറൂൾസിനെതിരായതിനാൽ ഓഡിറ്റ് തടസവാദത്തിന് കാരണമാകുന്നതാണ്.

## 15. ടെ ർ നടപടികളിലെ അപാകങ്ങൾ - പരിഹരിക്കാൻ നടപടി ഉ ാകണം

12.01.2010 ലെ 1062/ഇ2/09/എസ്.ഐ.ഇ.പി നമ്പർ നടപടി പ്രകാരം സർവവിജ്ഞാനകോശ വാല്യങ്ങൾ 3, 6, 10 എന്നിവയുടെ പരിഷ്കരണപ്പതിപ്പ്, സാഹിത്യവിജ്ഞാനകോശം 7 പ്രസിദ്ധീകരണം എന്നീ പ്രവൃത്തികൾക്കായി ലിമിറ്റഡ് ടെ ർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ഇതുപ്രകാരം

1) മെസ്സേഴ്സ് സെന്റ് ജോസഫ്സ് പ്രസ്, പി.ബി.നം.415, കോട്ടൻഹിൽ, തിരുവനന്തപുരം.
2) മെസ്സേഴ്സ് എസ്.ബി.പ്രസ് പ്രൈവറ്റ് ലിമിറ്റഡ്, ട്യൂട്ടേഴ്സ് ലെയിൻ, സ്റ്റാച്ചു, തിരുവനന്തപുരം.
3) മെസ്സേഴ്സ് സോളാർ ഓഫ്സെറ്റ്, പ്ലോട്ട് നം.39, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മൺവിള, തിരുവനന്തപുരം

എന്നിവരിൽ നിന്നും മുദ്രവച്ച ടെ റുകൾ ക്ഷണിച്ചുകൊ ് കത്തുനൽകിയെങ്കിലും മെസ്സേഴ്സ് സെന്റ് ജോസഫ്സ് പ്രസ്, മെസ്സേഴ്സ് എസ്.ബി.പ്രസ് എന്നിവർ മാത്രമാണ് ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മെസ്സേഴ്സ് എസ്.ബി.പ്രസിനെ മേൽപ്പറഞ്ഞ മുദ്രണ പ്രവർത്തികൾ 03.02.2010 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ചേംബറിൽ കൂടിയ പ്രിന്റിങ് കമ്മിറ്റിയുടെ അനുവാദത്തോടെ

LOCAL FUND AUDIT DEPARTMENT

ഏൽപ്പിക്കുകയായിരുന്നു. പ്രൊ.കെ.പാപ്പൂട്ടി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ശ്രീമതി.എസ്.ജമുന, ജോയിന്റ് സെക്രട്ടറി, സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, ശ്രീ.ജോർജ് തോമസ്, അസിസ്റ്റന്റ് സൂപ്ര ്, ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം, ശ്രീമതി.ആർ.വത്സല, കൺട്രോളർ, സ്റ്റേഷനറി വകുപ്പ്, തിരുവനന്തപുരം എന്നിവരായിരുന്നു പ്രിന്റിങ് കമ്മിറ്റി അംഗങ്ങൾ. (ഫയൽ പേജ് നമ്പർ.93)

ക്വട്ടേഷനുകൾ സമർപ്പിച്ച മെസ്സേഴ്സ് സെന്റ് ജോസഫ്സ് പ്രസ്, തിരുവനന്തപുരം, മെസ്സേഴ്സ് എസ്.ബി.പ്രസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്നിവരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെസ്സേഴ്സ് എസ്.ബി.പ്രസിന് മുദ്രണ ജോലികൾ ഏൽപ്പിക്കുകയായിരുന്നു. (പ്രസ്തുത ഫയലിലെ ടാബുലേഷൻ ഷീറ്റ് (പേജ്-85) പ്രകാരം മൾട്ടികളറിൽ (4 കളർ) 5000 കോപ്പികൾ പ്രിന്റ് ചെയ്യുന്നതിന് യഥാക്രമം **10,80,000** രൂപ, **7,39,700** രൂപയാണ് ക്വട്ടേഷനുകൾ എന്ന് കാണുന്നു.)

ലിമിറ്റഡ് ടെ ർ നടപടികളിൽ കുറഞ്ഞത് 4 ക്വട്ടേഷനുകളെങ്കിലും സ്വീകരിക്കപ്പെടേ തു ്. ഇതിൽ നിന്നുമാണ് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കപ്പെടുന്നത്. ഇവിടെ ഇൻസ്റ്റിറ്റ്യൂട്ട് അറിയിപ്പ് നൽകിയിട്ടുള്ളത് മൂന്നു പ്രസുകൾക്ക് മാത്രമാണ് (ഫയൽ നമ്പർ. 1062/ഇ2/09/എസ്.ഐ.ഇ.പി തീയതി 12.01.2010, പേജ്-27) പങ്കെടുത്തത് 2 പ്രസ്സുധികാരികളും (ഫയൽ നമ്പർ. 1062/ഇ2/09/എസ്.ഐ.ഇ.പി തീയതി 12.01.2010, പേജ്-77). ലിമിറ്റഡ് ടെ ർ നടപടികളുടെ ആവശ്യത്തിലേയ്ക്കായി മേൽപ്പറഞ്ഞ 3 പ്രസുകളെക്കൂടാതെ മെസ്സേഴ്സ് എസ്.റ്റി. റെഡ്യാർ ആന്റ് സൺസ്, കൊച്ചി; മെസ്സേഴ്സ് കെ.റ്റി.സി ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോഴിക്കോട് എന്നിവരെയും 30.03.2000 ലെ ജി.ഒ.(ആർ.റ്റി).നം.190/2000/സി.എ.ഡി പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

അവശ്യ മുന്നൊരുക്കങ്ങൾ കൂടാതെയാണ് ഇൻസ്റ്റിറ്റ്യൂട്ട് ടെ ർ നടപടികൾ ആരംഭിച്ചത്. ഓരോ വാല്യത്തിന്റെയും പ്രതീക്ഷിത ചെലവ് (പേപ്പർ, പ്രിന്റിങ്, ബയന്റിങ് തുടങ്ങിയവ) കണക്കാക്കിയിട്ടില്ല. ഇത്തരം കണക്കുകൾ തയ്യാറാക്കാതെയാണ് ഇൻസ്റ്റിറ്റ്യൂട്ട് ക്വട്ടേഷനുകൾ ക്ഷണിക്കുന്നത്. പ്രിന്റിങ് പ്രസിന് യഥേഷ്ടം ചെലവിനം ക്വോട്ട് ചെയ്യാൻ ഇത് അവസരം നൽകുന്നു. പ്രസുടമകൾ തമ്മിലുള്ള ഒത്തുകളിക്കും ഈ വീഴ്ച വഴിയൊരുക്കുന്നു. നിശ്ചിത സ്പെസിഫിക്കേഷനുകളിലെ മുദ്രണത്തിനുള്ള മതിപ്പ്ചെലവ് (പേപ്പറിന്റെ ഗ്രാമേജ്, ഗുണമേന്മ, പേജുകളുടെ എണ്ണം, ഉപയോഗിക്കുന്ന നിറങ്ങൾ, ബയന്റിങ്

LOCAL FUND AUDIT DEPARTMENT

എന്നിവ ഉൾപ്പെടെ) ഗവൺമെന്റ് പ്രസ്സധികാരികളുമായി കൂടിയാലോചിച്ച് നിശ്ചയിച്ചതിനു ശേഷമല്ല ടെ ർ നടപടികൾ ആരംഭിച്ചത്.

ചട്ടങ്ങൾ പാലിക്കാതെ പ്രിന്റിങ് നടപടികൾക്ക് അനുമതി നൽകുന്ന വിവരം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും (ഉദാ: ഖണ്ഡിക 29, ജനറൽ ഫ ് അക്കൗ ്സ് 2009-10) ചൂ ിക്കാട്ടിയിട്ടു ്. എന്നാൽ ഇതിന്മേൽ ഒരു നടപടിയും സ്വീകരിച്ചതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായിത്തുടരുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേ ത് അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

LOCAL FUND AUDIT DEPARTMENT

## 16. സർവ്വവിജ്ഞാനകോശ വാല്യങ്ങളുടെ മുദ്രണം - കരാർ ലംഘനം തുടർസംഭവം. ചട്ടങ്ങളുടെ ലംഘനം ആവർത്തിക്കുന്നു. തുടരന്വേഷണം അനിവാര്യം.

## (ഫയൽ നമ്പർ.1062/ഇ2/09/എസ്.ഐ.ഇ.പി)

- ☞ കരാർ പ്രകാരമുള്ള തീയതിയിൽ പ്രിന്റിങ് പൂർത്തിയാക്കി വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുന്നില്ല.
- ☞ അടിക്കടി കരാർ ലംഘനമു ായിട്ടും പ്രിന്റിങ് പ്രസിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ല.
- ☞ പ്രൊഡക്ഷൻ വിഭാഗം, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ പ്രിന്റിങ് പ്രസിന്റെ നടപടികൾക്കെതിരെ ശക്തമായി ആക്ഷേപമുന്നയിച്ചിട്ടും നടപടികൾ ഉ ായിക്കാണുന്നില്ല.
- ☞ പ്രിന്റിങ് ചാർജ് അനുവദിക്കുന്നതിനുമുമ്പ് ഉത്തരവാദപ്പെട്ടവർ വാല്യങ്ങളുടെ മുദ്രണ പൂർത്തീകരണ നടപടികൾ പരിശോധിച്ചുറപ്പാക്കുന്നില്ല.
- ☞ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കപ്പെടുന്ന വാല്യങ്ങളുടെ സ്ഥിതിവിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനുത്തരവാദിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഇക്കാര്യം ശ്രദ്ധിച്ചു കാണുന്നില്ല.
- ☞ പ്രിന്റിങ് ചാർജ് അനുവദിച്ച ശേഷവും വാല്യങ്ങൾ എത്തിക്കണമെന്ന് പ്രിന്റിങ് പ്രസിനോട് അഭ്യർത്ഥിക്കുന്ന അവസ്ഥയവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

LOCAL FUND AUDIT DEPARTMENT

2009-10 വാർഷികപദ്ധതിയിലുൾപ്പെടുത്തി സർവവിജ്ഞാനകോശം 3, 6, 10 (പരിഷ്കരണ പതിപ്പുകൾ), വിശ്വസാഹിത്യ വിജ്ഞാനകോശം 07 എന്നീ വാല്യങ്ങളുടെ 5000 കോപ്പികൾ വീതം മുദ്രണം ചെയ്യുന്നതിന് എസ്.ബി പ്രസിനെ ചുമതലപ്പെടുത്തി 08.03.10 ൽ കരാർ ചമച്ചിട്ടു ്. (സർവവിജ്ഞാനകോശം വാല്യം 3, 6 എന്നിവ പിന്നീട് 3000 എണ്ണം വീതമായി കുറവുചെയ്തു.) ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും, പ്രിന്റിങ് പ്രസ് പ്രതിനിധികളും തമ്മിലു ാക്കിയ കരാർ പ്രകാരം ഈ വാല്യങ്ങളുടെ മുദ്രണം 25.03.2010 നു മുമ്പ് പൂർത്തിയാക്കി പ്രസുടമ സ്വന്തം ചെലവിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ കരാർ വ്യവസ്ഥ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ വിജ്ഞാനകോശവാല്യങ്ങളുടെ മുദ്രണം പൂർത്തിയായിട്ടില്ല എന്ന് ചുവടെ ചേർക്കുന്ന പട്ടിക വ്യക്തമാക്കുന്നു.

| ക്രമ നമ്പർ | വാല്യം | പ്രസിദ്ധം ചെയ്യാൻ മുൻകൂട്ടി തീരുമാനിച്ച തീയതി | പ്രസിദ്ധം ചെയ്ത തീയതി | പ്രസിദ്ധീകരണത്തിലു ായ താമസം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവവിജ്ഞാന കോശം വാല്യം-6 | മാർച്ച് 25, 2010 | മാർച്ച് 4, 2011 | 345 ദിവസം | കരാർ പ്രകാരം പ്രസിദ്ധീകരണ തീയതിക്കുമുൻപായി വാല്യങ്ങൾ പൂർണ്ണതോതിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കേ ിയിരുന്നതാണ്. |
| 2 | സർവവിജ്ഞാന കോശം വാല്യം-10 | മാർച്ച് 25, 2010 | സെപ്തംബർ 20, 2011 | 1 വർഷം 5 മാസം 27 ദിവസം | |
| 3 | വിശ്വസാഹിത്യ വിജ്ഞാനകോശം വാല്യം-7 | മാർച്ച് 25, 2010 | മാർച്ച് 30, 2010 | 05 ദിവസം | |
| 4 | സർവവിജ്ഞാന കോശം വാല്യം-03 | മാർച്ച് 25, 2010 | മാർച്ച് 29, 2011 | 1 വർഷം 4 ദിവസം | |

LOCAL FUND AUDIT DEPARTMENT

കൂടാതെ വാല്യങ്ങളുടെ നാമമാത്രമായ പകർപ്പുകൾ മാത്രമാണ് പ്രകാശന കർമ്മത്തിന് ലഭ്യമായതെന്നും, അവയുടെ ഗുണനിലവാരം മോശമാണെന്നും പരിശോധനയിൽ വ്യക്തമാകുന്നതായി ആർട്ട് എഡിറ്റർ, പ്രൊഡക്ഷൻ ഇൻ ചാർജ് എന്നിവർ 29.03.11 ൽ നൽകിയ റിപ്പോർട്ടിൽ പറയുന്നു (പേജ് നം.135, 139).

2011 മാർച്ച് 4, 29 തീയതികളിൽ പ്രസിദ്ധം ചെയ്ത സർവവിജ്ഞാനകോശം 1, 6, 3 വാല്യങ്ങളുടെ കോപ്പികൾ 2011 ഏപ്രിൽ മാസത്തിൽപ്പോലും ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമായിട്ടില്ല (സ്റ്റോറിന്റെ ചുമതലയുള്ള യു.ഡി. കോപ്പിയിസ്റ്റ് ശ്രീ.റ്റി.കെ.പീയൂസിന്റെ 18.04.11 ലെ രേഖാമൂലമുള്ള അറിയിപ്പ്. ഫയൽ പേജ് നം.125).

അടിയന്തിരമായി വാല്യങ്ങളുടെ കോപ്പികൾ എത്തിക്കാൻ ആവശ്യപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രസ്സുടമയ്ക്ക് 2011 മാർച്ച് 19 ന് കത്ത് നൽകി (ലെറ്റർ നം.1062/ഇ2/2009/എസ്.ഐ.ഇ.പി ഫയൽ പേജ് നം.129). 04.05.11 ൽ നൽകിയ ഓർമ്മക്കുറിപ്പിനും അനുകൂല പ്രതികരണം ഉ ാകാത്തതിനാൽ പ്രസ്സിനെതിരെ കരാർ ലംഘനത്തിന് നടപടി സ്വീകരിക്കാൻ ഡയറക്ടർ 07.05.11 ൽ ശുപാർശ ചെയ്തു (ഫയൽ പേജ് നം.133). ഈ ഫയൽ അപൂർണ്ണമായി നിലനിൽക്കുന്നതിനാൽ ഈ ശുപാർശയിൻമേൽ എന്തു നടപടി സ്വീകരിക്കപ്പെട്ടു എന്ന് ഓഡിറ്റിന് മനസ്സിലാക്കാൻ കഴിയുന്നില്ല. 29.04.13 ലെ ഓഡിറ്റ് എൻക്വയറി നം.3 ന് ഇൻസ്റ്റിറ്റ്യൂട്ട് മറുപടി നൽകിയിട്ടില്ല.

പ്രിന്റിങ് ജോലികൾ പൂർത്തിയാക്കി എന്നും അതിനാൽ കരാർ പ്രകാരമുള്ള പ്രതിഫലം അനുവദിക്കണം എന്നും അവകാശപ്പെട്ട് പ്രസ്സ് 20.07.11 ൽ ഡയറക്ടർക്ക് കത്ത് നൽകി. സെയിൽസ് ഓഫീസർ, പ്രൊഡക്ഷൻ ഓഫീസർ, ആർട്ട് എഡിറ്റർ എന്നിവർ പ്രസ്സ് സന്ദർശിച്ച് വിലയിരുത്തൽ നടത്തിയശേഷം സർവവിജ്ഞാനകോശം വാല്യം 3, 6, വിശ്വസാഹിത്യ വിജ്ഞാനകോശം 7 എന്നിവയുടെ പ്രിന്റിങ് ജോലികൾ പൂർത്തിയായി എന്ന് റിപ്പോർട്ട് നൽകി. 02.08.11 ൽ സെയിൽസ് ഓഫിസർ പണം നൽകാനുള്ള ശുപാർശയും നൽകി (കുറിപ്പ് ഫയൽ ഖണ്ഡിക 31). പേപ്പർ സ്റ്റേറ്റ്മെന്റ്, ബിൽ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയതായി പ്രൊഡക്ഷൻ ഓഫീസറും 04.08.11 ൽ ഫയലിൽ രേഖപ്പെടുത്തി (കുറിപ്പ് ഫയൽ ഖണ്ഡിക 32). മേൽപ്പറഞ്ഞ ശുപാശകളുടെ അടിസ്ഥാനത്തിൽ ഫിനാൻസ് ഓഫീസർ ഓഡിറ്റ് കാലയളവിൽ അനുവദിച്ച പ്രിന്റിങ് ചാർജിന്റെ വിവരം ഒരു പട്ടികയായി ചേർക്കുന്നു.



LOCAL FUND AUDIT DEPARTMENT

| ക്രമനമ്പർ | വാല്യത്തിന്റെ വിവരം | അനുവദിച്ച തുക | ചെക്ക് നമ്പരും, തീയതിയും |
|---|---|---|---|
| 1 | വിശ്വസാഹിത്യവിജ്ഞാനകോശം 7 | 2,54,800 | നം.0557950 10.08.2011 |
| 2 | സർവവിജ്ഞാനകോശം 3 | 2,94,000 | |
| 3 | സർവവിജ്ഞാനകോശം 6 | 2,84,200 | |
| 4 | വിശ്വസാഹിത്യവിജ്ഞാനകോശം 7 | 2,67,946 | നം.0735744 02.09.2011 |
| 5 | സർവവിജ്ഞാനകോശം 6 | 2,84,549 | |
| 6 | സർവവിജ്ഞാനകോശം 3 | 3,15,356 | |
| 7 | സർവവിജ്ഞാനകോശം 13 | 3,25,089 | |
| | **ആകെ** | **20,25,940** | |

LOCAL FUND AUDIT DEPARTMENT

എന്നാൽ 17.08.12 ൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എസ്.ബി പ്രസ്സിന് നൽകിയ 1062/ഇ2/2009/എസ്.ഐ.ഇ.പി കത്ത് പ്രകാരം സർവവിജ്ഞാനകോശം 1, 2, 3, 6, 10, 11, 13, 14 വിശ്വസാഹിത്യവിജ്ഞാനകോശം 5, 6, 7 എന്നീ വാല്യങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നും അവശേഷിക്കുന്ന വാല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

ഇതിൽ നിന്നും കരാർ പ്രകാരം 25.03.10 ൽ ഏൽപ്പിക്കേ ിയിരുന്നതും 02.09.11 ൽ സെയിൽസ് ഓഫീസർ, പ്രൊഡക്ഷൻ ഓഫീസർ, ആർട്ട് എഡിറ്റർ എന്നിവർ നേരിൽക്ക ് ബോധ്യപ്പെട്ട് പണം നൽകാൻ ശുപാർശ ചെയ്തതും അതിന്റെ അടിസ്ഥാനത്തിൽ 20,25,940 രൂപ നൽകിയതുമായ വിജ്ഞാനകോശം വാല്യങ്ങൾ 17.08.12 ൽപോലും സ്ഥാപനത്തിന് പൂർണ്ണമായും ലഭ്യമായിട്ടില്ല എന്ന് തെളിയുന്നു. മുദ്രണം ചെയ്ത വാല്യങ്ങളുടെ എത്ര പകർപ്പുകൾ വീതമാണ് ലഭ്യമാകാനുള്ളതെന്ന് കൃത്യമായി ഈ കത്തിൽ പറയാൻ കഴിയാതിരുന്നത് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലനിൽക്കുന്ന ഭരണ നിർവ്വഹണ സംവിധാനത്തിന്റെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

അച്ചടി ജോലികൾ പൂർത്തിയാക്കിയതായി ബോധ്യപ്പെട്ട് പണം നൽകാൻ ശുപാർശ ചെയ്ത സമിതിയിലെ സെയിൽസ് ഓഫീസർ തന്നെയാണ് 17.08.12 ൽ പ്പോലും വാല്യങ്ങൾ പൂർണ്ണതോതിൽ എത്തിയിട്ടില്ല എന്ന് വ്യക്തമാക്കുന്നത്. ഇതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ വീഴ്ചയുടെ വ്യക്തമായ തെളിവാണ്.

എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ VII 47, മുദ്രണം ചെയ്ത വാല്യങ്ങൾ പൂർണ്ണതോതിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിയശേഷം മാത്രമേ പണം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതിന്റെ വ്യക്തമായ ലംഘനമാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നിട്ടുള്ളത്. ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 20 (V,VI), VII 47 പ്രകാരം കൃത്യമായ അളവിലും എണ്ണത്തിലുമുള്ള വാല്യങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തതിനു ശേഷമേ അച്ചടിക്കൂലി നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. മുദ്രണം ചെയ്ത വാല്യങ്ങളിൽ ഇനി ലഭ്യമാകാനുള്ളവയുടെ കണക്ക് കൃത്യമായിപ്പറയാൻ കഴിയാത്തതിനാൽ ഈ വ്യവസ്ഥയും ലംഘിക്കപ്പെട്ടു എന്ന് ബോധ്യമാകും.

ഈ വിഷയങ്ങളുടെ വ്യക്തതയ്ക്ക് വേ ി 29.04.13 ലെ എസ്.ഐ.ഇ.പി 02/260/12 നമ്പർ കത്ത് പ്രകാരം ആരാഞ്ഞ താഴെപ്പറയുന്ന ചോദ്യങ്ങൾക്കൊന്നും ഇൻസ്റ്റിറ്റ്യൂട്ട് മറുപടി നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

1. കരാർ ലംഘനമു ാവുകയും ഇതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഇൻസറ്റിറ്റ്യൂട്ട് ഡയറക്ടർ ശുപാർശ ചെയ്യുകയും ചെയ്തു. ഇപ്രകാരം പ്രസുടമയ്ക്കെതിരെ സ്വീകരിച്ച നടപടി?.
2. മേൽപ്രസ്താവ്യ വാല്യങ്ങളിൽ ഓരോന്നിന്റെയും എത്ര പകർപ്പുകൾ വീതം ലഭ്യമാക്കി?. ലഭ്യമാക്കാൻ അവശേഷിക്കുന്നവയുടെ വിവരം?.
3. തുക നൽകുന്നതിന് ശുപാർശ ചെയത ഉദ്യോഗസ്ഥന്റെ പേർക്ക് പീനൽ നടപടി സ്വീകരിച്ചിട്ടു ാ?.
4. വിജ്ഞാനകോശവാല്യങ്ങൾ ബുക്കുചെയ്തു കാത്തിരിക്കുന്ന വ്യക്തികളേയും, സ്ഥാപനങ്ങളേയും കോപ്പികൾ ലഭ്യമല്ലാത്ത വിവരം അറിയിച്ചിട്ടു ാ?.
5. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൽപേരിന് കളങ്കം വരുത്തുന്ന ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ഭരണസമിതി / ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഇൻസ്റ്റിറ്റ്യൂട്ട് പണം നൽകിയിട്ടും മുദ്രണം ചെയ്ത് കിട്ടാനുള്ള വാല്യങ്ങളുടെ എണ്ണം എത്രയാണെന്ന് തിട്ടപ്പെടുത്തി അതിന്റെ വില പ്രിന്റിങ് പ്രസുടമയിൽ നിന്നും ഈടാക്കേ താണ്. അല്ലാത്തപക്ഷം ഇതിന്റെ വില ഇതിനുത്തരവാദിയായ ഇൻസ്റ്റിറ്റ്യൂട്ട്

LOCAL FUND AUDIT DEPARTMENT

ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേ താണ്.

കൂടാതെ സ്ഥാപനത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാതെ പ്രിന്റിങ് പ്രസിന് ഗുണകരമാകുന്ന തരത്തിലുള്ള റിപ്പോർട്ടുകളും, സാക്ഷ്യപ്പെടുത്തലുകളും തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥൻമാരുടെ നടപടികളിൻമേൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയും, ഉന്നതതല അന്വേഷണവും ഉ ാകണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 17. സ്റ്റോക്ക് രജിസ്റ്ററുകളിലെ അവ്യക്തത

കാലാകാലങ്ങളിൽ മുദ്രണം ചെയ്യപ്പെടുന്ന വാല്യങ്ങൾ ഉടനടി സ്റ്റോക്കിൽ ഉൾപ്പെടുത്തി വിതരണത്തിന് സജ്ജമാക്കേ താണ്. വാല്യങ്ങൾ ഒന്നാകെ സ്റ്റോക്കിലെടുത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുവെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉറപ്പുവരുത്തണം. ഭരണസമിതിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ അനിവാര്യമായിത്തീർന്നിരിക്കുന്നു. നടപടികൾ പൂർത്തിയാക്കി വർഷങ്ങൾക്കുശേഷം വാല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല എന്ന് കാണിച്ച് പ്രിന്റിങ് പ്രസിനെ സമീപിക്കേ ി വരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ഇത് അത്യന്താപേക്ഷിതാമാണ്.

വാല്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ എ.എഫ്.നം.26 മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കണമെന്ന് എസ്.ഐ.ഇ.പി ഫൈനാൻസ് ആന്റ് അക്കൗ ്സ് റൂൾ 29(11) അനുശാസിക്കുന്നുവെങ്കിലും പ്രസ്തുത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്രിന്റിങ് പേപ്പറുകളുടെ വിവരം എ.എഫ്.21, എ.എഫ്.22 എന്നീ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിനുമായിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വാർഷിക പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വ്യവസ്ഥചെയ്യുന്നു ്. വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധന വിവരത്തിന്റെ രേഖകളും സാക്ഷ്യപ്പെടുത്തലുകളുടെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വിജ്ഞാനകോശ വാല്യങ്ങളുടെ പ്രിന്റിങ് ആവശ്യങ്ങൾക്കായി വാങ്ങുന്ന പേപ്പറുകളുടെ സ്റ്റോക്കുവിവരം ഇൻസ്റ്റിറ്റ്യൂട്ടിൽ ക്രോഡീകരിച്ചു സൂക്ഷിക്കാതിരിക്കുന്നതും അടിയന്തിരമായി പരിഹരിക്കപ്പെടേ ുന്ന ഒരു പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

LOCAL FUND AUDIT DEPARTMENT

മേൽ പ്രസ്താവിച്ച കാര്യങ്ങൾക്ക് മുൻഗണന ക്രമത്തിൽ പരിഹാരം തേടുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ പ്രവർത്തനത്തിന് ആക്കം കൂട്ടുമെന്ന് ഓഡിറ്റ് കണക്കാക്കുന്നു.

## 18. റിവോൾവിങ് ഫ ിൽ നിന്നുള്ള വായ്പ തുടർക്കഥ

എസ്.ഐ.ഇ.പി റിവോൾവിംഗ് ഫ ് റൂൾസിലെ റൂൾ 6(b) പ്രകാരം അത്യാവശ്യഘട്ടങ്ങളിൽ ശമ്പളാവശ്യങ്ങൾക്കായി റിവോൾവിങ് ഫ ിൽ നിന്നും കടമെടുക്കാവുന്നതാണ്. പ്രധാനമായും വാല്യങ്ങളുടെ പുന:പ്രസിദ്ധീകരണം, പരിഷ്കരണം എന്നീ ആവശ്യങ്ങൾക്കായുള്ള ഒരു കരുതൽ ഫ ാണിത്. റിവോൾവിങ് ഫ ിന്റെ അനിയന്ത്രിതമായ ശോഷണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതിനാൽ ഇതിൽ നിന്നും കടമെടുക്കുന്നതിന് നിയന്ത്രണമു ാകേ തു ്.

2011-12 കാലവളവിൽ പദ്ധതിയേതര ഗ്രാന്റിന്റെ അപര്യാപ്തത ചൂ ിക്കാട്ടി വിവിധ ആവശ്യങ്ങൾക്കായി 78 ലക്ഷം രൂപ പിൻവലിക്കുകയും, അതിൽ 45.7 ലക്ഷം രൂപ തിരിച്ചടക്കുകയും ചെയ്തിട്ടു ്. അതായത് 32.25 ലക്ഷം രൂപ ചെലവഴിച്ചിട്ടുണട്. റിവോൾവിംഗ് ഫ ിൽ നിന്ന് പിൻവലിച്ച തുകകളെക്കുറിച്ച് 2008 -09, 2009-10, 2010-11 മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടു െങ്കിലും ആയത് അറുതി വരുത്താൻ ഇൻസ്റ്റിറ്റ്യൂട്ടിന് ആയിട്ടില്ല.

## 19. സെയിൽസ് ഓഫീസർ തസ്തികയുടെ ശമ്പളം ക്രമപ്പെടുത്തണം

സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിലെ സെയിൽസ് ഓഫീസറുടെ ശമ്പള നിരക്ക് 11.02.2011 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.09/2011/സി.എ.ഡി പ്രകാരം 9,190-15,510 (2004 ശമ്പള പരിഷ്കരണം) ആയി നിശ്ചയിച്ചിട്ടു ്. 01.01.2008 മുതൽ ഇതിന് പ്രാബല്യം നൽകിയിരുന്നു.

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 42/2007/സി.എ.ഡി തീയതി 24.10.2007, സർക്കാർ ഉത്തരവ (സാധാ) 85/2010/സി.എ.ഡി തീയതി 03.02.2010 എന്നിവ പ്രകാരം സെയിൽസ് ഓഫീസർ തസ്തികയ്ക്ക് ഗസറ്റഡ് ശമ്പള നിരക്കിനു തുല്യമായി 6,500-10,550 (1997 ശമ്പള പരിഷ്കരണം), 10,790-18,000 (2004 ശമ്പള പരിഷ്കരണം) എന്നീ നിരക്കുകളിൽ തുടർച്ചാനുമതി നൽകിയിട്ടു ്.

LOCAL FUND AUDIT DEPARTMENT

സെയിൽസ് ഓഫീസർ തസ്തികയുടെ കാര്യത്തിൽ 11.02.2011 ലെ സർക്കാർ ഉത്തരവ് (കൈ) നം.09/2011/സി.എ.ഡി ഇൻസ്റ്റിറ്റ്യൂട്ടിൽ 01.10.2011 മുതൽ പ്രാബല്യത്തിൽ വരുത്തിയതായി സെയിൽസ് ഓഫീസറെ അറിയിച്ചിട്ടുെ ങ്കിലും (യു.ഒ. നോട്ടു നം.382/ഇ1/11/എസ്.ഐ.ഇ.പി തീയതി 17.10.2011) 2008 മുതൽ ഈയിനത്തിൽ അധികമായി നൽകിയിട്ടുള്ള തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. സർവ്വീസ് ബുക്കിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടില്ല. 11.02.2011 ലെ സർക്കാർ ഉത്തരവ് നിലനിൽക്കേ 11.10.2012 ൽ 10,790-18,000 രൂപ നിരക്കിൽ ശമ്പളപരിഷ്കരണം ഓപ്റ്റ് ചെയ്യാൻ അനുവദിച്ചിട്ടു ് . ഇക്കാര്യത്തിൻമേൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിപ്രായം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് അറിയിക്കുന്നതോടൊപ്പം തുടർ നടപടികൾക്കായി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 20. സമയബന്ധിത ഹയർ ഗ്രേഡ് ക്രമരഹിതമായി നൽകി

ശ്രീമതി.നൂർജിഹാൻ 25.01.1995-ൽ എൽ.ഡി.സി ആയി ജോലിയിൽ പ്രവേശിച്ചു. 13.01.1998 ൽ യു.ഡി.സി യായി പ്രൊമോട്ട് ചെയ്തു. തുടർന്ന് 13.01.2006 ൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു.

2004 ലെ ശമ്പള പരിഷ്കരണം (ജി.ഒ.(പി) നമ്പർ 145/2006/ഫിൻ തീയതി 25.03.2006) 15.01.2007 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം.01/2007/സി.എ.ഡി പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്കും ബാധകമാക്കി.

ശ്രീമതി.നൂർജിഹാൻ 27.01.2007 ൽ നൽകിയ ഓപ്ഷൻ പ്രകാരം 01.07.2004 മുതൽ മേൽ ശമ്പള പരിഷ്കരണത്തിലേക്ക് മാറിയെങ്കിലും 01.12.2007 ൽ സമർപ്പിച്ച റീ-ഓപ്ഷൻ പ്രകാരം 01.01.2005 ലേയ്ക്ക് മാറുകയായിരുന്നു (സേവന പുസ്തകം വോള്യം-2, പുറം 23). ശ്രീമതി.നൂർജിഹാന്റെ ഓപ്ഷൻ, റീ-ഓപ്ഷൻ ഫോമുകൾ സ്ഥാപനത്തിന്റെ തലവൻ കാണുകയോ, അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

റീ-ഓപ്ഷൻ പ്രകാരം ശ്രീമതി.നൂർജിഹാൻ 01.01.2005 മുതൽ 2004 ശമ്പളപരിഷ്കരണത്തിലേയ്ക്കു മാറുകയാൽ, ഇതിലെ വ്യവസ്ഥകൾക്ക് വിധേയമായിവേണം ഇവർക്കു സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കേ ത്. 2004 ശമ്പളപരിഷ്കരണ ഉത്തരവിലെ അനുബന്ധം 03 പ്രകാരം ആദ്യ നിയമന തസ്തിക / റെഗുലർ പ്രൊമോഷൻ

LOCAL FUND AUDIT DEPARTMENT

തസ്തിക (സമയബന്ധിത ഹയർഗ്രേഡ്) എന്നിവ ഉൾപ്പെടെ 16 വർഷം പൂർത്തിയായാൽ മാത്രമേ ര ാമത്തെ സമയബന്ധിത ഹയർഗ്രേഡിന് അർഹയാവുന്നുള്ളൂ. ഈ വ്യവസ്ഥ പ്രകാരം 25.01.2011 ൽ മാത്രമേ (16 വർഷം പൂർത്തിയാവുമ്പോൾ) ശ്രീമതി.നൂർജിഹാന് ര ാം സമയബന്ധിത ഹയർഗ്രേഡിന് അർഹതയുള്ളൂ. എന്നാൽ ശ്രീമതി.നൂർജിഹാന് ഗ്രേഡ് അനുവദിച്ചതാകട്ടെ 13.01.2006 നും. (2004 ലെ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം സമയബന്ധിത ഹയർഗ്രേഡുകളുടെ കാലയളവിന്റെ പ്രാബല്യത്തീയതി 01.03.2006 മുതലാണ്.)

ജി.ഒ.(പി)നം.85/2011/ഫിൻ തീയതി 26.02.2011 പ്രകാരമുള്ള 2009 ശമ്പളപരിഷ്കരണം ഓപ്റ്റ്ചെയ്തിരിക്കുന്നത് 26.02.2010 തീയതി മുതലാണ്. (സേവനപുസ്തകം വോള്യം 2, പുറം 27). ഈ ശമ്പളപരിഷ്കരണ പ്രകാരം 8, 16, 22 വർഷങ്ങൾ എന്നാക്കിമാറ്റി. മറ്റു വ്യവസഥകൾക്കു മാറ്റം വരുത്തിയിട്ടില്ല. ഇതനുസരിച്ച് ശ്രീമതി.നൂർജിഹാന് 01.02.2011 മുതൽ ര ാമത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ്. (25.01.2010 ൽ ഇവർക്ക് 15 വർഷത്തെ സേവനം പൂർത്തിയാകുമെങ്കിലും പ്രസ്താവ്യ ഉത്തരവു പ്രകാരം 01.02.2011 മുതലാണ് ഗ്രേഡ് കാലയളവുകളുടെ പ്രാബല്യത്തീയതി).

മേൽ പ്രസ്താവിച്ച 2004, 2009 ശമ്പളപരിഷ്കരണങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായല്ല ശ്രീമതി.നൂർജിഹാന് ര ാമത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളത്. ഇവരുടെ ശമ്പളപരിഷ്കരണ ഓപ്ഷനുകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ സംഭവിച്ച വീഴ്ചയാണിത്. 2004 ശമ്പളപരിഷ്കരണം ഓപ്റ്റ് ചെയ്ത അപേക്ഷ പരിഗണിക്കാതെ എന്തടിസ്ഥാനത്തിലാണ് ശ്രീമതി.നൂർജിഹാന്റെ ശമ്പള നിർണയം നടത്തിയതെന്ന് വ്യക്തമല്ല. സമയബന്ധിത ഹയർഗ്രേഡിനുള്ള ഓപ്ഷനും നൽകിക്കാണുന്നില്ല. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.നൂർജിഹാന് അനുവദിച്ച ഗ്രേഡ് ക്രമപ്പെടുത്തി അധികം നൽകിയ തുക തിരിച്ചുപിടിക്കുകയോ, 13.02.2006 ൽ അനുവദിക്കപ്പെട്ട ഗ്രേഡ് നിലനിർത്തി തുടർന്നുള്ള ശമ്പളപരിഷ്കരണ ഓപ്ഷനുകൾ പുന:സമർപ്പിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുയോ ചെയ്യാവുന്നതാണ്.

LOCAL FUND AUDIT DEPARTMENT

## 21. സേവനപുസ്തകങ്ങളിലെ അപാകങ്ങൾ പരിഹരിക്കപ്പെടുന്നില്ല

ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ സേവനപുസ്തകത്തിലെ അപാകങ്ങൾ മുൻ റിപ്പോർട്ടുകളിൽ ചൂ ിക്കാണിച്ചിട്ടുള്ളത് പരിഹരിക്കപ്പെട്ടിട്ടില്ല.

ജീവനക്കാരുടെ ഫോട്ടോ സേവനപുസ്തകത്തിൽ പതിപ്പിച്ച് ഓഫീസ് തലവൻ / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സാക്ഷ്യപ്പെടുത്താത്തത് ഗൗരവത്തോടെ കാണേ കാര്യമാണ്. ഫോട്ടോ പതിച്ച് ഹാൾടിക്കറ്റ്, സർട്ടിഫിക്കറ്റ് ഓഫ് ഹെൽത്ത് എന്നിവ സേവനപുസ്തകത്തിൽ അടക്കം ചെയ്തിട്ടില്ല. വാർഷിക ഇൻക്രിമെന്റ്, ശമ്പള / ബത്ത വിവരങ്ങൾ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതിരിക്കുന്നതും, പ്രൊമോഷൻ / ശമ്പള പരിഷ്കരണ ഫിക്സേഷൻ, മറ്റനുബന്ധ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താതിരിക്കുന്നതും പെൻഷൻ നിർണയത്തിന് കാലതാമസമു ാക്കുന്നു.

## 22. സ്പെഷ്യൽ പർപ്പസ് ഗ്രാന്റുകൾ ഉപയുക്തമാക്കിയിട്ടില്ല

ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരാസ്ഥാനമന്ദിരം പണിയുന്നതിന്റെ ആവശ്യത്തിനായി 07.03.11 ലെ സ.ഉ (സാ.ധ).178/2011/സി.എ.ഡി പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചു എങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ ഈ പദ്ധതിയുമായി മുന്നോട്ടുപോകാനായിട്ടില്ല. ഇതിനായി അനുവദിച്ച 10 ലക്ഷം രൂപ, ഈ സാഹചര്യത്തിൽ, 31.03.2011 ൽ റിവോൾവിങ് ഫ ിൽ ഒടുക്കുകയാണു ായത്. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ഈ നടപടി 01.01.13 ൽ ഭരണസമിതി സാധൂകരിച്ചിട്ടു ് (തീരുമാനം നം.06).

ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൽപ്പന ബംഗ്ലാവിനോടനുബന്ധമായി ശ്രീ.പി.റ്റി.ഭാസ്കരപ്പണിക്കരുടെ പേരിൽ ഒരു ലൈബ്രറി തുടങ്ങുന്നതിന് 11.03.11 ലെ സ.ഉ (സാ.ധ) 188/2011/സി.എ.ഡി പ്രകാരം അനുവദിച്ച 15 ലക്ഷം രൂപയും ഉപയോഗപ്പെടുത്താനായിട്ടില്ല. സ്ഥലപരിമിതിതന്നെയാണ് ഇതിന് പിന്നിലുള്ള കാരണമായി ഇൻസ്റ്റിറ്റ്യൂട്ട് ചൂ ിക്കാട്ടിയിട്ടുള്ളത്. ഈ തുകയും റിവോൾവിങ് ഫ ിൽ ഒടുക്കുകയാണു ായത്. ഡയറക്ടറുടെ ഈ നടപടി 01.01.13 ലെ ഭരണസമിതി സാധൂകരിച്ചിട്ടു ്.

LOCAL FUND AUDIT DEPARTMENT

മുകളിൽപ്പറഞ്ഞ 25 ലക്ഷം (10 ലക്ഷം + 15 ലക്ഷം) രൂപയാണ് സ്പെഷ്യൽപർപ്പസ് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക ഫലപ്രദമായി ഉപയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

## 23. നോളജ് വെബ് റിപ്പോസിറ്ററി പ്രോഗ്രാം

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിനെ പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും, വിജ്ഞാനവും ലഭ്യമാക്കുന്ന ഒരു വിജ്ഞാനകേന്ദ്രമാക്കി മാറ്റാനുള്ള പദ്ധതിയായിട്ടാണ് നോളജ് വെബ് റിപ്പോസിറ്ററി ആവിഷ്കരിച്ചത്. വിപുലമായ ലൈബ്രറിയും, ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ 10 ടെർമിനലുകളുള്ള കംപ്യൂട്ടർ സംവിധാനവും, രാവിലെ 8 മണിമുതൽ രാത്രി 10 മണിവരെ ലഭ്യമാകുന്ന സേവനവും സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിയുടെയും, കേരള വിജ്ഞാനകോശം (വെബ് ആന്റ് പ്രിന്റ്) എഡിഷന്റെയും പ്രവർത്തനോദ്ഘാടനത്തിനായി **28,352** രൂപ സ്ഥാപനത്തിന്റെ പദ്ധതി ഗ്രാന്റിൽ നിന്നും ചെലവഴിച്ചു. (വൗച്ചർ നമ്പർ 146/2011-12, 247/2011-12).

എസ്.ഐ.ഇ.പി ഡയറക്ടർ ചീഫ് ഇൻവെസ്റ്റിഗേറ്ററായ ഈ പദ്ധതിയുടെ നടത്തിപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്ഥാപനം അറിയിച്ചിട്ടു ്. അക്കൗ ന്റ് ജനറലോ, അവർ നിർദ്ദേശിക്കുന്ന ഏജൻസിയോ ഈ പദ്ധതിയുടെ ഓഡിറ്റ് നിർവ്വഹിക്കുമെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടു ്. (കത്ത് നം.93/ഇ3/10/എസ്.ഐ.ഇ.പി തീയതി 04.05.13).

ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, ഗവൺമെന്റ് ഓഫ് ഇന്ത്യ നൽകാനുള്ള ഗ്രാന്റ് തുകയായ 100.16 ലക്ഷം രൂപയിൽ 40 ലക്ഷം രൂപ 2011 ജൂണിൽ അനുവദിച്ചിട്ടു ്. എന്നാൽ പ്രസ്തുത ഫ ് അക്കൗ ന്റ് ജനറലോ, അവർ നിർദ്ദേശിക്കുന്ന ഏജൻസികളോ നാളിതുവരെ ഓഡിറ്റ് ചെയ്തിട്ടില്ലെന്ന് നിരീക്ഷിക്കുന്നു.

LOCAL FUND AUDIT DEPARTMENT

## 24. പദ്ധതി, പദ്ധതിയേതര ചെലവുകൾ കൂട്ടിക്കുഴയ്ക്കരുത്.

ഇൻസ്റ്റിറ്റ്യൂട്ടിൽ പദ്ധതി, പദ്ധതിയേതര ഗ്രാന്റ് ചെലവുകൾ സമ്മിശ്രമാക്കുന്നതിന് അറുതിയു ാവണം.

പദ്ധതിയേതര ഗ്രാന്റ് തുകയിൽ നിന്നും ചെലവഴിക്കുന്നതിന് ഡയറക്ടർ അനുമതി നൽകിയിട്ടുള്ള ചെലവിനങ്ങൾക്ക് പദ്ധതി ഗ്രാന്റ് തുക ഉപയുക്തമാക്കിയിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇവയുടെ വിവരം പട്ടികയായി ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പറും തീയതിയും | ചെലവിനം | തുക | അനുമതി ഉത്തരവ് |
|---|---|---|---|---|
| 1 | 425/11-12<br>18.01.2012 | കംപ്യൂട്ടർ ടോണർ റീഫിൽ | 4200/- | 1367/ഇ3/2011/എസ്.ഐ.ഇ.പി തീയതി 16.01.2012. |
| 2 | 525/11-12<br>28.03.2012 | | 2250/- | 1367/ഇ3/2011/എസ്.ഐ.ഇ.പി തീയതി 28.03.2012. |
| 3 | 532/11-12<br>31.03.2012 | സ്റ്റേഷനറി | 1192/- | 526/ഇ2/2012/എസ്.ഐ.ഇ.പി തീയതി 31.03.2012. |

LOCAL FUND AUDIT DEPARTMENT

മറ്റുചില ചെലവുകൾ പ്ലാൻ / നോൺ പ്ലാൻ ഹെഡുകൾ വ്യക്തമാക്കാതെയാണ് നിർവഹിച്ചിട്ടുള്ളത്. ചുവടെപ്പറയുന്നവ ഇതിനുദാഹരണങ്ങളാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | അനുമതി ഉത്തരവ് | തീയതി | ഇനം | തുക |
|---|---|---|---|---|---|
| 1 | 332/11-12 | 638/ഇ2/07/എസ്.ഐ.ഇ.പി | 21.11.2011 | ടോണർ റീഫിൽ | 1,800 |
| 2 | 178/11-12 | 638/ഇ2/07/എസ്.ഐ.ഇ.പി | 08.08.2011 | | 11,350 |
| 3 | 179/11-12 | 638/ഇ2/07/എസ്.ഐ.ഇ.പി | 08.08.2011 | | 2,083 |

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതോടൊപ്പം ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളേ താണ്.

## 25. ഓരോ പ്രസിദ്ധീകരണത്തിനും ചെലവു രജിസ്റ്റർ സൂക്ഷിക്കണം.

എസ്.ഐ.ഇ.പി ഫിനാൻസ് ആന്റ് അക്കൗ ്സ് സ്പെഷ്യൽ റൂൾസിലെ റൂൾ VII-45 ഓരോ പ്രസിദ്ധീകരണത്തിനും ചെലവുരജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നു. പക്ഷേ ഇത്തരത്തിൽ ഒരു രജിസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഓഡിറ്റിന്റെ ശുപാർശകൾ ചുവടെക്കുറിക്കുന്നു.

- ടെ ർ നടപടികളുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള (ലേഖന സമാഹരണം, പേപ്പർ പർച്ചേസ്, ആർട്ട്, പ്രിന്റിങ്, പ്രസിദ്ധീകരണം തുടങ്ങിയവ) ചെലവു വിവര രജിസ്റ്റർ ഓരോ പ്രസിദ്ധീകരണത്തിനും തയ്യാറാക്കേ താണ്.
- ഈവിധം തയ്യാറാക്കിയ രജിസ്റ്ററിൽ നിന്നും ടെ ർ നടപടികൾ മുതൽ പ്രിന്റിങ് പ്രവൃത്തിയേറ്റെടുത്ത പ്രസിനു നൽകേ ുന്ന തുകയടക്കമുള്ള ചെലവു തിട്ടപ്പെടുത്തിയശേഷം പ്രസിദ്ധീകരണങ്ങളുടെ വിലനിശ്ചയിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കേ താണ്.
- വിജ്ഞാനകോശവാല്യത്തിന്റെ പ്രസിദ്ധീകരണത്തിനു ചെലവാക്കപ്പെട്ട തുകയും (Total Cost Of Production), വാല്യങ്ങൾക്കു ചുമത്തപ്പെടുന്ന വിലയും തമ്മിൽ തുലനം ചെയ്യുന്നതിന് ഇത് അനിവാര്യമാണ്.
- ഓരോ പ്രസിദ്ധീകരണത്തിനും വെവ്വേറെ വരവു രജിസ്റ്റർ സൂക്ഷിക്കണം. വരവ്-ചെലവിനങ്ങളുടെ ഏകോപനത്തിന് ഇത്തരം രജിസ്റ്റർ അത്യന്താപേക്ഷിതാമാണ്.

LOCAL FUND AUDIT DEPARTMENT

## 26. ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത രജിസ്റ്ററുകൾ

### ജി. കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ

ഓഡിറ്റ് റിക്വിസിഷൻ നം.03 തീയതി 26.04.2013 വാർഷിക കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ മാത്രം രൂപ 221954/- കംപ്യൂട്ടർ വാങ്ങുന്നതിന് ചെലവഴിച്ചു. ഇവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. കംപ്യൂട്ടർ ഹാർഡ്വെയറിനും, സോഫ്റ്റ്വെയറിനും വെവ്വേറെ സ്റ്റോക്കു രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് 24.09.2010 ലെ 86/2010/ഫിൻ സർക്കുലർ നിഷ്കർഷിക്കുന്നു. ഇവ സ്റ്റോക്കിലെടുക്കാതെ വിവിധ സെക്ഷനുകൾക്ക് വിതരണം ചെയ്ത നടപടി ക്രമവിരുദ്ധമാണ്. സ്റ്റോക്കുരജിസ്റ്ററുകൾ അടിയന്തിരമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേ താണ്. അവശ്യ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

ഭാഗം–3

# തടസ്സപ്പെടുത്തലുകൾ

## 27. കേരള വിജ്ഞാനകോശം (വെബ് & പ്രിന്റ് എഡിഷൻ) പാതിവഴിയിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു

കേരളത്തിന്റെ ചരിത്രം, കാലാവസ്ഥ, ജൈവ വൈവിധ്യം, ഭൂമിശാസ്ത്രം, സാമൂഹിക ചരിത്രം, പൗരാണികത, പ്രകൃതിവിഭവങ്ങൾ തുടങ്ങി കേരളത്തെ സംബന്ധിച്ച സമഗ്രവും സമ്പൂർണ്ണവുമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കേരള വിജ്ഞാനകോശം ഓൺലൈൻ രൂപത്തിലും, പ്രിന്റ് രൂപത്തിലും തയ്യാറാക്കാനായിരുന്നു പദ്ധതി. ഏതാ ് 1 കോടി രൂപ ചെലവു വരുന്ന പ്രസ്തുത സംരംഭത്തിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാകും എന്ന പ്രതീക്ഷയിലാണ് തുടക്കം കുറിച്ചത്. ഇതിന്റെ പ്രാരംഭ ആവശ്യങ്ങൾക്കായി പ്ലാൻ ഫ ിൽ നിന്നും 96,258 രൂപ ചെലവഴിച്ചിട്ടു ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സിറ്റിംഗ് ഫീ, മറ്റ് ചെലവുകൾ | 2,760 |
| എൽ.സി.ഡി പ്രൊജക്ടർ വാടക, മറ്റു ചെലവുകൾ | 1,740 |
| മെസ്സേഴ്സ് ഗ്രിൻ ക്രാഫ്റ്റ് ഐ.റ്റി.സൊല്യൂഷൻ അഡ്വാൻസ് | 51,400 |
| പ്രാജക്ടിനുവേ ി ഫോട്ടോ, വീഡിയോ ചെലവുകൾ | 9,800 |
| പ്രവർത്തനോത്ഘാടന ചെലവ് | 28,352 |
| മറ്റു ചെലവുകൾ | 2,206 |
| **ആകെ** | **96,258** |

എന്നാൽ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ഇത്തരം പദ്ധതികൾക്ക് ലഭിക്കില്ല എന്ന വിവരം 12.09.12 ലെ 4581/ഡി1/2012/സി.എ.ഡി കത്ത് പ്രകാരം കേരള സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചിട്ടു ്. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി മുന്നോട്ടുകൊ ുപോകാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയാതെ വന്നു. സാധ്യതാപഠനവും, സാമ്പത്തിക സ്രോതസ് ക െത്തലും ആവശ്യത്തിന് സാങ്കേതിക വിദഗ്ധരെ ക െത്തലും നടത്താതെ ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപടി

LOCAL FUND AUDIT DEPARTMENT

സാധൂകരിക്കത്തക്കതല്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 96,258 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 28. ഗ്രാന്റ് വിനിയോഗം - ചട്ടങ്ങൾ ലംഘിക്കപ്പെടുന്നു

## 30,16,142 രൂപ തടസ്സപ്പെടുത്തുന്നു

### എ. അനുവാദമില്ലാത്ത ചെലവുകൾ

എസ്.ഐ.ഇ.പി സ്പെഷ്യൽ റൂൾസിന്റെ ഭാഗമായ 'റൂൾസ് റെഗുലേറ്റിങ് പേയ്മെന്റ് ഓഫ് ഗ്രാന്റ്-ഇൻ-എയ്ഡ് റ്റു ദ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (കേരള) സൊസൈറ്റി' (20.06.1978 ലെ ജി.ഒ.(എം.എസ്) നം.91/78/ഹ.എഡ്യൂ.) റൂൾ-8 ൽ സർക്കാർ ഗ്രാന്റുകൾ അനുവദിക്കപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ എന്നും ഇതിലെ റൂൾ 10 ൽ പ്രതിപാദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ (ഒരു വർഷത്തിനകം) ചെലവഴിക്കപ്പെടാത്ത തുക ജനറൽ റവന്യൂവിൽ ഒടുക്കുകയോ, അടുത്ത പ്രാവശ്യത്തെ സർക്കാർ ഗ്രാന്റുതുകയിൽ തട്ടിക്കിഴിക്കുകയോ ചെയ്യണമെന്നും വ്യക്തമാക്കുന്നു ്. ഇതിനു വിപരീതമായി പ്ലാൻ ഫ ിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സ്വന്തം അക്കൗ ായ റ്റി.പി.എ 230 ൽ നിലനിർത്തിയതായാണ് കാണുന്നത്. ഒരു വർഷത്തിനകം പൂർത്തിയാക്കപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ ക ത്തി സ്പിൽ ഓവർ വിഭാഗത്തിൽ ഉൾപ്പെടുത്തി (മുൻ വർഷങ്ങളിലെ ബജറ്റുകളിൽ ഉൾപ്പെടുത്തിയിരുന്നതും പൂർത്തിയാക്കാതെ അവശേഷിച്ചിരുന്നതുമായ പദ്ധതികളുടെ തുടർച്ച സംബന്ധിച്ച്) തുടർ നടത്തിപ്പിനാവശ്യമായ വകയിരുത്തലുകൾ ബജറ്റിലോ/സപ്ലിമെന്ററി ഡിമാന്റിലോ ഉൾപ്പെടുത്തിക്കാണുന്നില്ല. 2011-12 കാലയളവിലും ഇൻസ്റ്റിറ്റ്യൂട്ട് ഇക്കാര്യം ശ്രദ്ധിച്ചിട്ടില്ല.

ബജറ്റിൽ വിഹിതം അനുവദിച്ചിട്ടില്ലാത്ത ചെലവിനങ്ങൾക്ക് 'ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ്' ഉത്തരവിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അനുമതി നൽകിയിട്ടു ്. ബജറ്റിലുൾപ്പെടുത്തിയ ചില പദ്ധതികൾക്ക് അനുവാദം കിട്ടിയ തുകയെക്കാൾ കൂടുതൽ തുക നൽകിയിരിക്കുന്നു. ചട്ടവിരുദ്ധമായ ഇത്തരം പ്രവണതകൾ ആശാസ്യമല്ല. ഇവയെസംബന്ധിച്ച വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക - 01: ബജറ്റിലുൾപ്പെടുത്തിയതും ഉൾപ്പെടുത്താത്തതുമായ പദ്ധതികൾക്ക് ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ് ഉത്തരവ് പ്രകാരം അനുവദിച്ച തുകയുടെ വിവരം.

| ചെലവിനം | ബജറ്റ് | | 'ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ് ഉത്തരവ് പ്രകാരം | | കോളം - 2 ഉം 3 ഉം തമ്മിലുള്ള വ്യത്യാസം | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|---|
| | ക്രമ നം. | നിർദ്ദേശം | ക്രമ നം. | അനുവദിച്ചത് | | |
| (1) | (2) | | (3) | | (4) | (5) |
| പ്രിന്റിങ് ചെലവുകൾ എം.ഇ. വാല്യം - 13, ഇ.ഡബ്ലിയു.എൽ - 6 | ഇല്ല | ഇല്ല | A | 5,00,000 | 5,00,000 | 3,38,610 (331723 + 6887) |
| പ്രിന്റിങ് ചെലവുകൾ ഇ.ഡബ്ലിയു.എൽ - 7 | ഇല്ല | ഇല്ല | B | 8,00,000 | 8,00,000 | 2,73,414 |
| പ്രിന്റിങ് ചെലവുകൾ എം.ഇ. വാല്യം - 03, 06, 10 (റിവിഷൻ) | ഇല്ല | ഇല്ല | E | 18,00,000 | 18,00,000 | 13,31,783 (621792 + 580356 + 129635) |
| എക്സ്റ്റേണൽ എക്സ്പർട്ടുകൾക്കുള്ള വേതനം | H(i) | 3,00,000 | J | 4,00,000 | 1,00,000 | 2,30,897 |
| 3 കിലോ വാട്ട് യു.പി.എസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ | M(a) | 35,000 | L(a) | 60,000 | 25,000 | ഇല്ല |
| എഡിറ്റോറിയൽ അസിസ്റ്റന്റുമാർക്കുള്ള വേതനം | N | 14,40,000 | M | 18,00,000 | 3,60,000 | 9,91,551 |
| **ആകെ** | | **17,75,000** | | **53,60,000** | **35,85,000** | **31,66,255** |

LOCAL FUND AUDIT DEPARTMENT

## ബി. ബജറ്റിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചത്

2011-12 ലെ ബജറ്റു നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചുവടെ പറയുന്ന ഇനങ്ങൾക്ക് പദ്ധതി തുക ചെലവഴിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു ്. ബജറ്റ് അംഗീകാരവും, ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ് ഉത്തരവും കൂടാതെ താഴെ പറയും പ്രകാരം ചെലവ് ചെയ്തിരിക്കുന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

## സി. വിജ്ഞാനകോശം പദ്ധതി തുക ചെലവിനം

LOCAL FUND AUDIT DEPARTMENT

പട്ടിക-02: ബജറ്റ്/ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ് ഉത്തരവ് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ചെലവിനങ്ങൾ.

| ബജറ്റിൽ ഉൾപ്പെടാതെയുള്ള ചെലവ് | രൂപ | രൂപ |
|---|---|---|
| എൻസൈക്ലോപീഡിയ വേൾഡ് ലിറ്ററേച്ചർ 06 | 6,887 | |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 10 (റിവിഷൻ) | 1,29,635 | |
| എൻസൈക്ലോപീഡിയ വേൾഡ് ലിറ്ററേച്ചർ 07 (റിവിഷൻ) | 2,73,414 | |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 03 (റിവിഷൻ) | 6,21,792 | |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 06 (റിവിഷൻ) | 5,80,356 | |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 13 (റീ-പ്രിന്റ്) | 3,31,723 | |
| **ബജറ്റിലും ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ിലും ഉൾപ്പെടാത്ത ചെലവ്** | | |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 15 | | 3,200 |
| മലയാളം എൻസൈക്ലോപീഡിയ വാല്യം 05 (റിവിഷൻ) | | 1,131,80 |
| പ്രിന്റർ/ഫോട്ടോകോപ്പിയർ/ബാറ്ററി | | 1,03,361 |
| ചായ | | 86 |
| കംപ്യൂട്ടർ സോഫ്റ്റ് വെയർ/ഹാർഡ് വെയർ/എ.എം.സി | | 3,31,212 |
| കേരള വിജ്ഞാനകോശം | | 2,556 |
| നോളജ് വെബ് റിപ്പോസിറ്ററി | | 28,352 |
| പരിസ്ഥിതി വിജ്ഞാനകോശം (റിവിഷൻ) | | 4,89,196 |
| സ്റ്റേഷനറി | | 1,192 |
| **തുക** | **19,43,807** | **10,72,335** |
| **ആകെ തുക** (19,43,807 + 10,72,335) | **30,16,142** | |

വിജ്ഞാനകോശങ്ങളുടെ വിവിധവാല്യങ്ങൾ പ്രസിദ്ധീകരിക്കുക എന്ന സ്ഥാപനലക്ഷ്യം നിർവ്വഹിക്കുമ്പോൾ സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സർക്കാരിന്റെ സാമ്പത്തിക മാനദണ്ഡങ്ങളും ചട്ടങ്ങളും നിയമങ്ങളും കൂടി പാലിക്കാൻ ബാധ്യസ്ഥരാണ്. സർക്കാരിലേക്ക് ബജറ്റ് തയ്യാറാക്കി നൽകുന്നതിനും ബജറ്റിൽ വകയിരുത്താതെ ചെലവുചെയ്യേ ിവരുന്ന തുകകൾ സർക്കാർ അനുമതിയോടെ ക്രമീകരിക്കുന്നതിനും, ബജറ്റ് വർഷത്തിൽ ചെലവാക്കാൻ കഴിയാതെ പോകുന്ന തുക നടപടിക്രമങ്ങൾ പാലിച്ച് അടുത്ത വർഷത്തേയ്ക്ക് ഉപയോഗിക്കുന്നതിനും, ബജറ്റിൽ ലഭ്യമാക്കാത്ത ആവശ്യങ്ങൾക്കുള്ള പണം സപ്ലിമെന്ററി ഡിമാന്റ് വഴി നേടി എടുക്കുന്നതിനുമെല്ലാം ഉള്ള നടപടികൾ, പൊതു ഖജനാവിൽ നിന്നും പണം ചെലവഴിക്കുന്ന ഏതൊരു സ്ഥാപനത്തെയും പോലെ ഇൻസ്റ്റിറ്റ്യൂട്ടിനും ബാധകമാണ്.

അത്തരം നടപടിക്രമങ്ങളുടെ പൂർത്തീകരണം സ്ഥാപനം പരിപാലിക്കുന്ന സാമ്പത്തിക അച്ചടക്കത്തിന്റെ അളവുകോൽ കൂടിയാണ്.

ബജറ്റിൽ തുക വകയിരുത്താത്തതോ, വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേ തോ ആയ പദ്ധതികൾക്ക് ഡിസ്ട്രിബ്യൂഷൻ ഓഫ് ഫ ് ഉത്തരവിലൂടെ അനുമതി നൽകുക മാത്രമല്ല അതിന് ധനകാര്യ വകുപ്പിന്റെ മുൻകൂർ അനുമതിയോ സാധൂകരണമോ വാങ്ങേ താണ്.

സ്ഥാപനത്തിന്റെ ലക്ഷ്യനിർവ്വഹണത്തിന് ആവശ്യമാണെങ്കിലും സർക്കാർ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെയുള്ള പണവിനിയോഗം ഒഴിവാക്കേ ത് സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന് ആവശ്യമാണ്.

ഈ സാഹചര്യത്തിൽ ബജറ്റ് അംഗീകാരമില്ലാത്ത **30,16,142** രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ സാധൂകരണം ഉൾപ്പെടെ തടസ്സവാദം ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേ താണ്. അല്ലാത്തപക്ഷം തുക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

LOCAL FUND AUDIT DEPARTMENT

## ഭാഗം–4

### 29. ഓഡിറ്റ് ചാർജ്

ജി.ഒ.(പി).നം.368/2009/ഫിൻ തീയതി 28.08.2009 നെ അധികരിച്ച് ലോക്കൽഫ ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 23.04.2010 ൽ പുറപ്പെടുവിച്ച എൽ.എഫ്.4700/ആർ.4/10 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ലോക്കൽഫ ് സ്ഥാപനത്തിന്റെ തനതു വരുമാനത്തുകയുടെ 1% ആണ് 01.04.2009 മുതൽ ഓഡിറ്റ് ചാർജായി നിശ്ചയിച്ചിരിക്കുന്നത്. മേൽ നമ്പർ സർക്കാർ ഉത്തരവിലെ ഖണ്ഡിക 05 പ്രകാരം സർക്കാർ ഗ്രാന്റിന്റെ ലഭ്യമായ തുകയുൾപ്പെടുന്ന ജനറൽ ഫ ് അക്കൗ ്സിന് ഓഡിറ്റ് ചാർജ് ഒടുക്കേ തില്ല. സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട് ഓഡിറ്റ് ചാർജിനത്തിൽ ഒടുക്കാനുള്ള തുകയുടെ വിവരം ചുവടെചേർക്കുന്നു.

ഓഡിറ്റ് ചാർജ് '0070-60-110-99' എന്ന ശീർഷകത്തിൽ ഒടുക്കിയ ഒറിജിനൽ ചെല്ലാൻ ഡയറക്ടർ, ലോക്കൽഫ ് ഓഡിറ്റ് വകുപ്പ്. വികാസ്ഭവൻ. തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേ താണ്.

LOCAL FUND AUDIT DEPARTMENT

**സംക്ഷിപ്തം**

| | | |
|---|---|---|
| വർഷാരംഭത്തിൽ ഒടുക്കാൻ ബാക്കി | : | 2,18,854 |
| 2010-11 കാലയളവിലെ റിവോൾവിങ് ഫ ് അക്കൗ ് പ്രകാരം | : | 45,001 |
| 2011-12 വർഷത്തെ ഒടുക്കു വിവരം | : | ഇല്ല |
| ബാക്കി | : | 2,63,855 |

## 30. ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,25,29,972 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,97,82,683 |
| തടസ്സപ്പെടുത്തിയ തുക (3016142 + 96258) | : | 31,12,400 |
| നിരാകരിച്ച തുക | : | ഇല്ല |

| | | |
|---|---|---|
| നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ | : | ഖണ്ഡിക 16 |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു  ായ നഷ്ടം | : | ബാധകമല്ല. |
| കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കു  ായ നഷ്ടം | : | ബാധകമല്ല. |

LOCAL FUND AUDIT DEPARTMENT

**ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫ  ് ഓഡിറ്റ് വകുപ്പ്**
**എസ്.ഐ.ഇ.പി & സിൽ ഓഡിറ്റ്**
**തിരുവനന്തപുരം**

# ഭാഗം-5

## അനുബന്ധങ്ങൾ

**അനുബന്ധം-I**

**<u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>** (ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2 പ്രകാരം)

ജനറൽ ഫ ് അക്കൗ ്സ് വിഭാഗത്തിൽ നാളിതുവരെ 35 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനു ്. നിയമസഭാ സമിതിയുടെ പരിഗണനയിലിരിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഒഴിവാക്കി അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ ് ഓഡിറ്റിൽ നിന്ന് എൽ.എഫ് 113/എസ്.ഐ.ഇ.പി.3/2012 നമ്പരായി 09.08.2012, 19.11.2012, 12.12.2012, 15.01.2013, 11.02.2013 എന്നീ തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ടിന് കത്തുകൾ നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശിക ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ച നടപടികളെക്കുറിച്ചും അറിയിച്ചിട്ടില്ല. നടപടി പൂർത്തിയാക്കിയിട്ടില്ലാത്ത റിപ്പോർട്ടുകളുടെ വിവരം പട്ടികയായി ചേർത്തിരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | തീയതിയും റഫറൻസ് നമ്പരും |
|---|---|---|
| 1 | 1976-77 | 08.02.78 ലെ എൽ.എഫ്.കെ.എം.2 |
| 2 | 1977-78 | 16.06.79 ലെ 932/79 |
| 3 | 1978-79 | 13.11.80 ലെ എൽ.എഫ്.റ്റി.ഡി.18/2110/80 |
| 4 | 1979-80 | 15.11.81/03.06.81 ലെ 990/80 |
| 5 | 1980-81 | 16.07.82 ലെ എൽ.എഫ്.റ്റി.ഡി.424/82 |
| 6 | 1981-82 | 21.06.84 ലെ എൽ.എഫ്.13/1123/83 |
| 7 | 1982-83 | 08.07.85 ലെ എൽ.എഫ്.1552/84 |

| | | |
|---|---|---|
| 8 | 1983-84 | 22.05.86/04.12.86 ലെ എൽ.എഫ്.11/515/84 |
| 9 | 1984-85 | ജനറൽ അക്കൗ ്സ് 01.12.89 ലെ എൽ.എഫ്.റ്റി.ഡി.2963/86 |
| 10 | 1985-86 | ജനറൽ അക്കൗ ്സ് 14.10.89 ലെ എൽ.എഫ്.റ്റി.ഡി.1928/89 |
| 11 | 1975-76 | 76-77 ലെ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് 08.04.83 ലെ എൽ.എഫ്.റ്റി.ഡി.14/239/82 |
| 12 | 1986-87 | ജനറൽ അക്കൗ ്സ് 10.05.91/06/08/91 ലെ എൽ.എഫ്.റ്റി.ഡി.1104/89 |
| 13 | 1987-88 | ജനറൽ അക്കൗ ്സ് 17.08.82 ലെ എൽ.എഫ്.റ്റി.ഡി.970/82 |
| 14 | 1988-89 | ജനറൽ അക്കൗ ്സ് 17.03.92 ലെ എൽ.എഫ്.റ്റി.ഡി.972/92 |
| 15 | 1989-90 | ജനറൽ അക്കൗ ്സ് 01.03.94 ലെ എൽ.എഫ്.റ്റി.ഡി.602/93 |
| 16 | 1990-91 | ജനറൽ അക്കൗ ്സ് 05.07.95 ലെ എൽ.എഫ്.റ്റി.ഡി.60/94 |
| 17 | 1991-92 | ജനറൽ അക്കൗ ്സ് 25.11.95 ലെ എൽ.എഫ്.റ്റി.ഡി.11/836/94 |
| 18 | 1992-93 | ജനറൽ അക്കൗ ്സ 29.02.96 ലെ എൽ.എഫ്.റ്റി.ഡി.11/.51/94 |
| 19 | 1993-94 | ജനറൽ അക്കൗ സ് 28.02.96/10.06.96 ലെ എൽ.എഫ്.റ്റി.ഡി.11/1362/94 |
| 20 | 1994-95 | ജനറൽ അക്കൗ ്സ് 06.10.97 ലെ എൽ.എഫ്.റ്റി.ഡി.11/491/97 |
| 21 | 1995-96 | ജനറൽ അക്കൗ ്സ് 01.06.96 ലെ എൽ.എഫ്.റ്റി.ഡി.11/42/98 |
| 22 | 1996-97 | ജനറൽ അക്കൗ ്സ് 09.12.99 ലെ എൽ.എഫ്.റ്റി.ഡി.402/98 |
| 23 | 1997-98 | ജനറൽ അക്കൗ ്സ് 19.11.00/11.07.00 എൽ.എഫ്.റ്റി.ഡി.826/98 |
| 24 | 1998-99 | ജനറൽ അക്കൗ ്സ് 02.06.01/01.03.00 എൽ.എഫ്.റ്റി.ഡി.355/00 |
| 25 | 1999-00 | ജനറൽ അക്കൗ ്സ് 13.11.02/20.05.02 എൽ.എഫ്.റ്റി.ഡി.140/01 |
| 26 | 2000-01 | ജനറൽ അക്കൗ ്സ് 07.08.02 ലെ എൽ.എഫ്.റ്റി.ഡി.636/02 |
| 27 | 2001-02 | ജനറൽ അക്കൗ ്സ് 09.04.03 ലെ എൽ.എഫ്.റ്റി.ഡി.മിസ.1/358/03 |
| 28 | 2002-03 | ജനറൽ അക്കൗ ്സ് 15.03.04 ലെ എൽ.എഫ്.റ്റി.ഡി.295/04 |
| 29 | 2003-04 | ജനറൽ അക്കൗ ്സ് 19.04.05/16.05.05 ലെ എൽ.എഫ്.റ്റി.ഡി.622/05 |
| 30 | 2004-05 | ജനറൽ അക്കൗ ്സ് 17.06.06 ലെ എൽ.എഫ്.റ്റി.ഡി.711/06 |

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| 31 | 2005-06 | ജനറൽ അക്കൗ ്സ് 24.07.07 ലെ എൽ.എഫ്.റ്റി.ഡി.മിസ.1/460/2007 |
| 32 | 2006-07 | ജനറൽ ഫ ് അക്കൗ ്സ് നം.എൽ.എഫ്.റ്റി.ഡി.മിസ.1/809/07 തീയതി 19.06.08 |
| 33 | 2007-08 | ജനറൽ ഫ ് അക്കൗ ്സ് 03.06.09/26.08.09 ലെ എൽ.എഫ്.റ്റി.ഡി.മിസ.1/526/09 |
| 34 | 2008-09 | ജനറൽ ഫ ് അക്കൗ ്സ് 19.10.10 ലെ എൽ.എഫ്.റ്റി.ഡി.മിസ.502/10 |
| 35 | 2009-10 | ജനറൽ ഫ ് അക്കൗ ്സ് നം.എൽ.എഫ്.സിൽ/എ2/164/2011 തീയതി 14.10.11 |
| 36 | 2010-11 | ജനറൽ ഫ ് അക്കൗ ്സ് നം.എൽ.എഫ്.സിൽ/എ5/228/12 തീയതി 05.10.12 |

LOCAL FUND AUDIT DEPARTMENT

**ഡെപ്യൂട്ടി ഡയറക്ടർ**
**ലോക്കൽ ഫ ് ഓഡിറ്റ് വകുപ്പ്**
**എസ്.ഐ.ഇ.പി & സിൽ ഓഡിറ്റ്**
**തിരുവനന്തപുരം**

## അനുബന്ധം-2

**ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 11 പ്രകാരം 2011-2012 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്**

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2011-2012 വർഷത്തെ കണക്കുകൾ പരിശോധിച്ചു. ആവശ്യപ്പെട്ട വിവരങ്ങളും, വിശദീകരണങ്ങളും ലഭിച്ചിട്ടു ്. ഓഡിറ്റ് അവലോകനങ്ങൾക്ക് വിധേയമായി ഓഡിറ്റിന് ശേഷം എന്നോട് വിശദീകരിക്കപ്പെട്ട പ്രകാരവും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ പ്രകാരവും എന്റെ അഭിപ്രായത്തിൽ ഈ സ്ഥാപനത്തിൽ അനുവദിക്കപ്പെട്ട ഗ്രാന്റ് താഴെപ്പറയും പ്രകാരമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

| സഹായ ഗ്രാന്റ് അനുവദിച്ച സർക്കാർ ഉത്തരവ് | വർഷം | ഗ്രാന്റ് സ്വീകരിച്ച സ്ഥാപനത്തിന്റെ പര് | അനുവദിച്ച തുക | റ്റി.പി.എ-230 ലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി | ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ അഡ്ജസ്റ്റ് ചെയ്യാനുള്ള / തിരിച്ചടയ്ക്കാത്ത തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| **(എ) പദ്ധതി വിഹിതം** | | | | | | | |
| ജി.ഒ.(ആർ.റ്റി) 353/11/സി.എ.ഡി തീയതി 29.06.11 | 2011-12 | എസ്.ഐ.ഇ.പി | **33,00,000** | 12.07.11 | പദ്ധതി നിർവഹണ ചെലവ് | **27,57,133** | ചെലവഴിക്കപ്പെടാത്ത പദ്ധതി വിഹിതം |
| ജി.ഒ.(ആർ.റ്റി) 434/11/സി.എ.ഡി തീയതി 31.08.11 | | | **33,00,000** | 23.09.11 | | | |
| ജി.ഒ.(ആർ.റ്റി) 41/12/സി.എ.ഡി തീയതി 21.01.12 | | | **34,00,000** | 01.02.12 | | | |
| | | **ആകെ** | **1,00,00,000** | | | | |

| (ബി) പദ്ധതിയേതര വിഹിതം | | | | | | | |
|---|---|---|---|---|---|---|---|
| ജി.ഒ.(ആർ.റ്റി) 316/11/സി.എ.ഡി തീയതി 23.05.11 | 2011-12 | എസ്.ഐ.ഇ.പി | 48,85,000 | 31.05.11 | പദ്ധതി യേതര ചെലവ ുകൾ | 32,35,304 | അധികമ ായി ചെലവാ ക്കി |
| ജി.ഒ.(ആർ.റ്റി) 438/11/സി.എ.ഡി തീയതി 02.09.11 | | | 48,85,000 | 23.09.11 | | | |
| ജി.ഒ.(ആർ.റ്റി) 43/12/സി.എ.ഡി തീയതി 21.01.12 | | | 48,85,000 | 01.02.12 | | | |
| | | ആകെ | 1,46,55,000 | | | | |

LOCAL FUND AUDIT DEPARTMENT

**ഡെപ്യൂട്ടി ഡയറക്ടർ**
ലോക്കൽ ഫ ് ഓഡിറ്റ് വകുപ്പ്
എസ്.ഐ.ഇ.പി & സിൽ ഓഡിറ്റ്
തിരുവനന്തപുരം